പുസ്തകം I.
ലക്കം 6.

വില 2 ണ.

SEPTEMBER 1936

സഞ്ജയൻ



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം.

വിഷയം.	വശം.
1. ഹാസ്യാഞ്ജലി. II (പദ്യം)—പി. എസ്സ്.	161
2. വൃത്താന്തരഹസ്യം.	162
3. അന്ധതാമിസ്രത്തിൽ നിന്ന് (ഒരു പ്രരോദനം.) മലങ്കാടൻ.	163
4. റാന്തൽക്കാർ.	165
5. പട്ടിണിജാഥ—ബിക്കേനാർ.	166
6. ഉന്മാദാമോദം. (പദ്യം)—ചേമഞ്ചേരി.	168
7. നായും അതിന്റെ നിഴലും. (ഒരു പാഠം.)	169
8. മടിയോട്. (ഗദ്യകവിത.)	170
9. സത്യവും ജ്ഞാനം.	171
10. ഞങ്ങൾക്കു തോന്നുന്നത്.	
i ഗവമേണ്ട് ഇനിയെങ്കിലും ഉണരുമോ?	175
ii യൂറോപ്പിലെ സ്ഥിതി.	179
11. ഖജാന നിറയുവാൻ എളുപ്പവഴി. (ചിത്രം)—അച്യുത്	177
12. പീപ്പ്ൾസ് പാർട്ടി (ചിത്രം)—എൻ. എം.	181
13. മോഹിതൻ—Another Dramatic Lyric (പദ്യം)—പി. എസ്സ്.	182
14. പ്രാരംഭപാഠം.	183
15. സഞ്ജയന്റെ എഴുത്തുപെട്ടി.	185
16. കടുന്നൽ ഗവേഷകൻ (ചിത്രം)—അച്യുത്.	188
17. പത്രാധിപരുടെ കത്ത്.	189
18. സഞ്ജയോപാഖ്യാനം. (അനുബന്ധം)	190

ആ വ ശ്യ മു ണ്ട്.

കൊച്ചിൻ സ്റ്റേയിറിൽ എറണാകുളം, കൊച്ചി, കൊടുങ്ങല്ലൂർ, ചിറ്റൂർ, നെന്മാറ ഇവിടങ്ങളിൽ "സഞ്ജയൻ" മാസികക്ക് ഏജണ്ടുമാരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങൾക്കു നേരിട്ടോ, മി: കെ. പി. ആർ. പിഷാരടി, 'സഞ്ജയൻ' ഏജൻസി, തൃശ്ശിവപേരൂർ, എന്ന വിലാസത്തിലോ എഴുതി ചോദിക്കുക.

II. ഏറനാട്ടുതാലൂക്കിൽ സോൾഏജണ്ടായി മി. ടി. എം. കുഞ്ഞുണ്ണിനായരെ നിശ്ചയിച്ചിരിക്കുന്നു. സബ്ബ് ഏജൻസി ആവശ്യമുള്ളവർ അദ്ദേഹത്തോടോ അല്ലെങ്കിൽ, മാനേജർ, 'സഞ്ജയൻ', എന്ന വിലാസത്തിലോ എഴുതിച്ചോദിക്കേണ്ടതാണ്.

മാനേജർ, 'സഞ്ജയൻ',
പോസ്റ്റ്. പുതിയറ, കോഴിക്കോട്.

ഹാസ്യാഞ്ജലി.

II

(നതോന്നത)

തിരുമേനി ചിരിയ്ക്കുവാനരുളുമ്പോളടിയന്റെ
കരളഭിമാനം തഞ്ചിത്തിഞ്ചിവിങ്ങുന്നു.

നത്തുകംപോലിരുപം തേടി വിഷാദാത്മകന്മാരെല്ലാ–
മൊത്തുചേന്നു ജീവിതത്തെപ്പഴിച്ചീടവേ;—
അസംബന്ധം പുലമ്പലാണനൃൽകൃഷ്ടകാവ്യമെന്നാ–
യസംഖ്യരാം മിസ്റ്റിക്കുഭ്രാന്തർ സിദ്ധാന്തിയ്ക്കുവേ;—
'അധഃകൃതനവൻ, ഞാനൊരന്തണ'നെന്നിക്കാലത്തു–
മനേകം പേരഹമ്മതി വെച്ചുപോറ്റവേ;—
മതമാറ്റബഹളത്തിൽത്തലതെറിപ്പുലവഴി–
മദംപൂണ്ട മർത്ത്യർ പാഞ്ഞു പരിഭ്രമിക്കേ;—
അടിമത്തം പുലർത്തുവാ, നസമത്വം വളർത്തുവാൻ
മടിവിട്ടു പലരൊത്തു പരിശ്രമിക്കേ;—
ദാരിദ്ര്യത്തിൽ ജനകോടിയെരിപൊരിക്കൊള്ളുവതു
ഭരിദ്രവ്യം സംഭരിപ്പോർ നോക്കിനിൽക്കവേ;—
പുരുഷന്നു തുല്യകളാണവരെന്നു തെളിയിപ്പാൻ
പുകവലി ശീലിക്കവേ മുകിൽവേണിമാർ;—
മുടിവെട്ടി തൊട്ടു വിസ്സികുടിയിലാപ്പരിഷ്കൃതി-
ക്കൊട്ടുമുടി മദാമ്മമാരേറിനിൽക്കവേ;—
കൊടുംപടക്കാവുമുട്ടും പടിഞ്ഞാറൻ ഗഗനത്തിൽ
പൂടുചടുരടിതങ്ങൾ മുഴങ്ങിടവേ;—
ത്രാണപൊട്ടിപ്പുരക്കുന്ന പുഴവെള്ളത്തള്ളിച്ചപോ–
ലണയുന്ന ദുഃഖത്തിൽ ഞാനാണ്ടുപോകവേ;—
അടക്കുവാൻ കഴിയാത്ത മിഴിനീരെൻ കവിൾത്തട–
മിടയ്ക്കിടെയേകാന്തത്തിൽ നനച്ചിടവേ;—

തിരുമേനി ചിരിയ്ക്കുവാനരുളുമ്പോളടിയന്റെ
കരളഭിമാനം തഞ്ചിത്തിഞ്ചിവിങ്ങുന്നു!!

പി. എസ്സ്.

സഞ്ജയൻ

പരിഹാസപ്പൂത പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം; ശകാരം മുള്ളതാൻ:
അതിന്റെ പൂവാണാച്ചെടിയ്ക്കുലംകാര-
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക!

വൃത്താന്തരഹസ്യം.

മദിരാശിഗവർണർ എന്തിനാണ് മലബാറിൽ വരുന്നത്? എന്ന് പലരും ചോദിക്കുന്നു.

മലബാറിന്ന് മദിരാശിഗവണർരുടെ അടുത്തുപോകാൻ കഴിയാത്തതുകൊണ്ടായിരിക്കണമെന്ന് ഞങ്ങളും ഊഹിക്കുന്നു.

* * * * *

ഇപ്പോഴത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലാവധി ഈ ഡിസെമ്പർ മാസംവരെക്ക് നീട്ടിയിരിക്കുന്നുവത്രെ.

ഇതുവരെ കിടന്ന സ്ഥിതിക്ക് എനി ഉത്തരായനംവരെ കാത്താൽ പുനർജന്മമുണ്ടാവുകയില്ലെന്നെങ്കിലും ആശിക്കാമായിരുന്നല്ലോ!

* * * * *

ട്രേഖത്ത് ആകെയുള്ള അടിമകളുടെ എണ്ണം 40 ലക്ഷമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നതായി ഒരു പത്രം പറയുന്നു.

ആരാണ് ഈ കള്ളക്കണക്കൊക്കെ എടുക്കുന്നത്? മുപ്പത്തിമൂന്നുകോടിയിലധികം ഇന്ത്യയിൽത്തന്നെയുണ്ട്!

* * * * *

ഇംഗ്ലണ്ടിൽ ഭാഗ്യമാരുടെ 'ഹിറ്റ്‌ലറിസം' ഹേതുവായി സ്വാതന്ത്ര്യം നഷ്ടപ്പെട്ട് വലയുന്ന ഭക്താക്കന്മാരുടെ ഒരു സംഘം സ്ഥാപിതമായിട്ടുണ്ടെന്നും അതേ പത്രത്തിൽ വേറൊരു കുറിപ്പുകാണുന്നു.

ഈ സംഘത്തിൽ ചേർന്നുകഴിഞ്ഞിട്ടില്ലാത്ത ഭക്താക്കന്മാർ അതിനുള്ള അനുമതിപോലും ഭാഗ്യമാരിൽനിന്ന് കിട്ടാത്തവർ മാത്രമാണെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു.

* * * * *

മഹാകവി ആശാന്റെ ഒരു ശ്ലോകത്തിലുള്ള അലങ്കാരം എന്തെന്നുള്ളതിനെപ്പറ്റി "മാതൃഭൂമി"യിൽ നടക്കുന്ന വാദപ്രതിവാദം തുടരുകയാണെങ്കിൽ ആകെ എത്ര അലങ്കാരങ്ങളുണ്ടെന്നറിയുവാൻ അലങ്കാരശാസ്ത്രം നോക്കേണ്ടിവരികയില്ലെന്ന് ഏതാണ്ട് തീച്ചയായിരിക്കുന്നു.

* * * * *

ഈ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കെയാണ് കേരളത്തിലെ തൊഴിലില്ലായ്മക്ക് ആളകം തെളിവു തേടി പാടുപെടുന്നത്!

* * * * *

പുതുതായി ഗവർണർപദവിയെ അധിരോഹണം ചെയ്തിട്ടുള്ള സർ. കെ. വി. റെഡ്ഡി, താൻ വക്കീലായിരുന്ന കാലത്ത് ഓരോ കേസ്സു ജയിക്കുമ്പോഴും അനുഭവിച്ച ആനന്ദം എനി അനുഭവിക്കുവാൻ കഴിയുകയില്ലല്ലോ എന്നോർത്തു ദുഃഖിക്കുന്നതായി ഈയെടെ ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു.

ഓരോ കേസ്സു തോൽക്കുമ്പോഴും ആ മഹാനുഭാവൻ അനുഭവിച്ചിരിക്കാവുന്ന കുണ്ഠിതവും ഇപ്പോഴില്ലല്ലോ എന്നോർത്തെങ്കിലും സമാധാനിക്കുവാൻ അവിടത്തോട് ഞങ്ങളും സവിനയം ഉപദേശിക്കുന്നു.

* * * * *

മി: ആർ. എം. പാലാട്ട് ഗവർണരായാൽ ഡി. ബോ. പ്രസിഡെണ്ടായിരുന്ന കാലത്ത് ഓരോ പാലത്തിന്റെയും പണി കഴിയുമ്പോഴും താൻ അനുഭവിച്ച ആനന്ദം അനുഭവിക്കുവാൻ സാധിക്കാത്തതിനെപ്പറ്റി അദ്ദേഹം കുണ്ഠിതപ്പെടുമോ, ആവോ!

* * * * *

കേപ്പ്‌റൻ വടക്കോട്ട നോക്കി നടക്കുമ്പോഴും, അച്ചടക്കമില്ലാതെ, തെക്കോട്ട നോക്കി നടന്ന എന്ന ചാർജ്ജിന്മേൽ ഒരു ഇന്ത്യൻ ക്രിക്കറ്റുകാരനെക്കൂടി ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലേക്ക് തിരിച്ചയക്കുവാൻ ഇടയുണ്ടെന്നു ഒരു കിംവദന്തി കേൾക്കുന്നു.

അന്ധതാമിസ്രത്തിൽ നിന്ന്.

വിഷാദാത്മകന്മാർ മരണാനന്തരം പരലോകത്തെത്തിച്ചേർന്നാൽ അവിടെവെച്ചു നടക്കുവാനിടയുള്ള ഒരു സീൻ മഹാകവി മലങ്കാടൻ താഴെ ചേർക്കുംപ്രകാരം ഭാവനയിൽ ചിത്രീകരിക്കുന്നു:—

[സ്ഥലം അന്ധതാമിസ്രത്തിലെ കാവൽപ്പുര. സമയം ഭൂമിയിലെ കക്കടകാമാവാസ്യപ്പാതിര. കാവൽക്കാരൻ—കറുത്തു തടിച്ചു് പനപോലെയുള്ള ഒരു ഭീമൻ—ഒരു ബെഞ്ചിന്മേൽ ഇരുന്നു ഉറക്കം തൂക്കുന്നു.]

അണിയറയിൽനിന്നു്
വിഷാദാത്മകൻ പാടുന്നു.

ഓമനേ, നിന്നെക്കാണുന്നില്ലല്ലോ
കോമളേ, പരലോകത്തും.....

കാവൽക്കാരൻ.

പടച്ചവനേ, തുടങ്ങീലോ!
'ഓമനേ, തേനേ, പാലേ, ചങ്ങാരേ',—
ഞാനഴന്നുലോ മണ്ണാട്ടേ!

ഈ ഏഴരശ്ശനിയൻ ഇവിടെ വന്നു കയറിയതുമുതൽ പാതിരയ്ക്കു് കൂടി ഒന്നു കണ്ണുചിമ്മീട്ടില്ല. ഇവന്റെ ഓമനയും, മണ്ണാങ്കട്ടയും, കണ്ണീരും! [ഉറക്കെ] എടാ, ശനിയ! ഞാനൊന്നു കണ്ണടച്ചോട്ടെ?

[വീണ്ടും ഉറക്കം തൂക്കുന്നു.]

വിഷാദാത്മകൻ.

ഹാ, ഹതാശനായ എനിക്ക് മർത്ത്യലോകവും പ്രേതലോകവും ഒരുപോലെത്തന്നെ. ഭൂമിയിലെ സഞ്ജയനെക്കാൾ നിർദ്ദയനാണ് ഈ ദ്വാരപാലൻ. ആസ്പത്രികളിൽ കാശില്ലാത്തവരുടെ മുറികെട്ടുന്ന മനുഷ്യനെക്കാൾ ക്രൂരൻ.

(പാടുന്നു.)

ഞാൻ നിരാശാനിഹതനെന്നോമനേ,
വാനിടത്തിലേക്കാഞ്ഞു പറന്നവൻ.
ഹാ, വലയുന്നിതന്ധതാമിസ്രത്തിൽ,
ക്രൂരിരുട്ടു ഭയാനകമെത്രയും.
കണ്ണുനീരും ശരണമായില്ലിപ്പോൾ
മന്നിലാണിതിൽ ഭേദം മനോഹരി!
എന്തുവേണമിനിയെന്നറിവീല,
ഹന്ത, കക്ശനിദ്വാരപാലകൻ;
നൂറു സഞ്ജയർ പണ്ടു മരിച്ചവ—
രേകവിഗ്രഹം കൈക്കൊണ്ട കശ്മലൻ!
പാടുവാൻകൂടി സമ്മതിക്കില്ലെന്നെ
ഹാ, പരലോകമിത്രയും ക്രൂരമോ!

[ആവേശത്തോടുകൂടി ഉറക്കെ]

ഓമനേ, ഞാനിരുട്ടുനിറഞ്ഞൊരു
പാഴ്മണൽക്കാട്ടിലായിക്കഴിഞ്ഞുപോയ്!

കാവൽക്കാരൻ.

[ഞെട്ടിയുണർന്ന്—] എട മാരണേ! നിന്നെക്കൊണ്ടു മറ്റുള്ളവർ തിരിഞ്ഞൂലോ! ഇനിപ്പാടിയാൽ ഞാൻ തച്ചു തലമണ്ട തകർക്കും. കരഞ്ഞേ കഴിയൂ എങ്കിൽ കാരണമില്ലാതെ കരയണ്ട!

വിഷാദാത്മകൻ.

സർ, ദയചെയ്തനുവദിക്കണെ! ഞാൻ വ്യസനം കൊണ്ട് മാത്രം പാടുകയല്ല. ഇത് ഭൂമിയിൽവെച്ച് രക്തത്തിലിഴകിപ്പിടിച്ചുപോയ ഒരു ഉശ്ശിലമാണ്. അതു മാറാൻ കഴിയുന്നില്ല.

കാവൽക്കാരൻ.

ഓ, ഹോ! അത്രേയുള്ളൂ? ആ ശീലം ഞാൻ മാറിത്തരാം.

വിഷാദാത്മകൻ.

ഓമനേ, ഹാ, ഹാ! .....

കാവൽക്കാരൻ.

[പരിഹാസസ്വരത്തിൽ—] ഓമനേ, ഉം, ഉം! അതുവേണ്ട! ഞാൻ ആയിരം പ്രാവശ്യമായി പാറയുന്നു! എന്റെ ക്ഷമക്കും അതിരുണ്ട്.

[കാവൽക്കാരൻ പിന്നേയും ചുമരു് ചാരി കണ്ണടക്കുന്നു. ഈ ഘട്ടത്തിൽ സ്വർഗത്തിലേക്കു പാസ്പോർട്ടോടുകൂടി കവിതയില്ലാത്ത ഒരു പച്ചമലയാളി പ്രവേശിക്കുന്നു.]

പച്ചമലയാളി.

ദ്വാരപാല!

കാവൽക്കാരൻ.

[കണ്ണു തുറക്കാതെ] 'താരപാല! ഞാനിത്തിരി പാടട്ടേ?'—എന്ന്. അല്ലേ? ഏതു മൂടിഞ്ഞ മുഹൂർത്തത്തിലാണപ്പാ നിന്നെ ഈ പാടികടത്തിവിട്ടത്! പറഞ്ഞാലും പറഞ്ഞാലും നേരെയാകാത്ത ഏഭ്യൻ!

പച്ച മലയാളി.

[അല്പം ശ്രുതിയോടുകൂടി.] താനെന്താണെടോ പുലമ്പുന്നത്?

കാവൽക്കാരൻ.

[കണ്ണുമിഴിച്ച്, ആഗതനെ തുറിച്ചുനോക്കിക്കൊണ്ട്.] അയ്യോ, വേറൊരു മലയാളക്കാരൻ! അകത്തിരിക്കുന്ന പൊന്നാനിക്ക് ശങ്കിടി * യായി ധർമ്മരാജൻ അയച്ചതായിരിക്കും. എന്റെ ജോലി പോയാലും ശരി, ഈ ചങ്ങാതിയെ ഞാൻ അകത്തു കടത്തുല. ഒരുത്തനെക്കൊണ്ടു തന്നെ ചൂറി.

പച്ചമലയാളി.

തനിക്കെന്താണ്, ഹേ, തലയുടെ കല്ല് എളകിപ്പോയോ? ഞാൻ സ്വർഗത്തിലേക്ക് പാസും കൊണ്ട് വന്നവനാണ്. വേഗത്തിൽ അവിടത്തേക്കുള്ള കോണിയറയുടെ വാതിൽ തുറന്നതു!

കാവൽക്കാരൻ.

[എഴുന്നേറ്റ് തൊഴുതുകൊണ്ട്.] എജമാനൻ മാപ്പാക്കണം. ഞാൻ ആളറിയാതെ പറഞ്ഞുപോയതാണ്. അകത്ത് ഒരു ശനിയൻ കിടന്ന് താപ്പുകൽ പാട്ടുന്നുണ്ട്. ആ വിദ്വാനാണെന്ന് വിചാരിച്ചുപോയി.

വിഷാദാത്മകൻ.

പുറത്തെന്താണ് ഒരു ശബ്ദം കേൾക്കുന്നത്? ഒരു മലയാളി വന്നിട്ടുണ്ടെന്നു തോന്നുന്നുവല്ലോ.

പച്ചമലയാളി.

ആരാണ് അകത്തുനിന്ന് സംസാരിക്കുന്നത്?

കാവൽക്കാരൻ.

നിങ്ങടെ മലയാളിയല്ലേ?

പച്ചമലയാളി.

അതെ.

കാവൽക്കാരൻ.

എന്നിട്ടാണോ ആളെ അറിയാത്തത്? ആ വിദ്വാൻ ഭൂമിയിലിരിക്കുമ്പോഴും അവിടെ ആൾക്കും സൈ്വരം കൊടുത്തിരിക്കുവാൻ ഇടയില്ലല്ലോ.

പച്ചമലയാളി

സത്യമായും ഞാനറിയുകയില്ല.

കാവൽക്കാരൻ.

എന്നാൽ കേട്ടോളിൻ. ഈ അസത്ത് കുറച്ചു ദിവസമായി ഇവിടെ എത്തീട്ട്. ഇവൻ ഭൂമിയിലിരിക്കുന്ന കാലത്ത് വിഷാദം തേടി നടന്നും, മറ്റുള്ളവരുടെ മനസ്സിലെ പ്രസാദംകൂടി കെടുത്തുവാൻ ശ്രമിച്ചും ഒട്ടേറെ പാപം സമ്പാദിച്ചു. ഭൂമിയിൽ പൂക്കൾ വിരിഞ്ഞു; പ്രഭാതം പൊന്നൊളിയും, പൂർണ്ണചന്ദ്രൻ പാലൊളിയും വീശി; പക്ഷികൾ പാടി; സമുദ്രത്തിലെ കൊച്ചുതിരമാലകൾ ആനന്ദനൃത്തമാടി;— പക്ഷെ അവയിലൊന്നിലും ഈ ചെയ്ത്താന്റെ മനസ്സു പതിഞ്ഞില്ല. എന്നാൽ ലോകത്തിൽ രോഗവും, ദാരിദ്ര്യവും, മരണവുമുണ്ട്. അതിലാണോ അവന്റെ ശ്രദ്ധ പതിഞ്ഞത്? അതിലുമല്ല. അങ്ങിനെ പരതാപത്തിൽ അലിയുന്ന ഒരു മനസ്സ് അവനുണ്ടായിരുന്നുവെങ്കിൽ ഇടയ്ക്കെങ്കിലും അവൻ പൊട്ടിച്ചിരിച്ചേനേ! അവൻ സ്വന്തം ആഗ്രഹങ്ങളുടെ പിന്നാലെ കുതിക്കുകയായിരുന്നു. അവ സാധിക്കാതായപ്പോൾ അവൻ വെളിച്ചത്തേയും, ചിരിയേയും, ലോകത്തേയും, ജീവിതത്തേയും ഇളിച്ചുകാട്ടിക്കൊണ്ടു നടന്നു. അതിന്നാണത്രെ വിഷാദാത്മകതപമെന്ന പേര്. ഒരാഭാസൻ! ഇവിടെ വന്നതിന്നുശേഷം അവൻ നാവടക്കിവെച്ചിട്ടില്ല. ഏതു സമയത്തും ഒരിഴഞ്ഞ മട്ടിൽ ഒരു പാട്ടുപാടിക്കൊണ്ടിരിക്കുന്നതു കേൾക്കാം.

"ഓമനേ, തേനേ, പാലേ, പഞ്ചാരേ,
ഞാനെഴുന്നാലോ മാനിനി"

അധികത്തിന്നും ഇതാണ് രീതി. ഒരു വല്ലാത്ത.....

വിഷാദാത്മകൻ.

മരണത്തിൻ മാഹാത്മ്യം പാടിപ്പാടി
പരലോകത്തെത്തി ഞാൻ പാൽക്കുഴമ്പേ!

കാവൽക്കാരൻ.

അതാ, കേട്ടുവോ? എന്തൊരനർത്ഥമാണ്! പത്തുദിവസമായി ഞാൻ കണ്ണിന്റെ പോള കൂട്ടീട്ട്.

പച്ചമലയാളി.

കഷ്ടം, പാവം! ഇയാളെ നേരെയാക്കുവാൻ ഒരു വഴിയുമില്ലേ?

---

* കഥകളിയിലെ ഒന്നാംകിട പാട്ടുകാരൻ 'പൊന്നാനി'യും രണ്ടാംകിടക്കാരൻ 'ശങ്കിടി'യുമാണ്.

കാവൽക്കാരൻ.

എന്തു വഴി? ഉലക്കയെടുത്ത് തല്ലുകയോ മറ്റോ വേണം. പക്ഷെ അതിന്ന് എന്റെ മനസ്സ് സമ്മതിക്കുന്നില്ല.

പച്ചമലയാളി.

നിർഭാഗ്യവാൻ! എത്രകാലമാണ് ഇയാളിങ്ങിനെ കിടക്കേണ്ടത്?

കാവൽക്കാരൻ.

ഉള്ളോട്ടതട്ടി ഒരു ചിരി ചിരിക്കുന്നതുവരെ ഈ വിദ്വാനെ ഇവിടെ പാപ്പിക്കുവാനാണ് ധർമ്മരാജാവിന്റെ വിധി. അതു പറഞ്ഞിട്ട് കാര്യമില്ല. ഈ ജന്തു ചിരിക്കുകയില്ല; അവൻ ഇവിടെനിന്ന് പോവുകയുമില്ല. എന്റെ ഉറക്കം മാത്രം ബാക്കിയായിരിക്കും. നിങ്ങളെ ഇവിടെ താമസിപ്പിച്ചാൽ എനിക്കു കുറേമണ്ടാകും. അതാ, സ്വർഗ്ഗത്തിലേക്കുള്ള കോണിയുടെ വാതിൽ. അതു എപ്പോഴും തുറന്നുകിടപ്പുണ്ട്.

[പച്ചമലയാളി പോകുന്നു.]

വിഷാദാത്മകൻ.

എന്നെച്ചിന്തിച്ചു നീയിടക്കെങ്കിലും
സുന്ദരഗാത്രി, കണ്ണുനീർ തൂകുമോ?
ഞാനിതാ മറയുന്നു.....

കാവൽക്കാരൻ.

[കൈവിരലുകൊണ്ട് ചെവിയിൽത്തിരുകീട്ട്—] ഹൂ, എന്റെ ശനിയാ! നീ ഇവിടെനിന്ന് എങ്ങോട്ടു മറയുവാനാണ്! വെറുതെ ആളുകളെ പറഞ്ഞാശിപ്പിക്കല്ലേ!


[കർട്ടൻ.]

മലങ്കാടൻ..

ഓയ്—(തലക്ക് നല്ല സുഖമില്ലാത്ത ഭൃത്യനെപ്പറ്റി) ഡോക്ടറെ, അദ്ദേഹത്തിന്ന് ഈയെടെയായി താൻ ലക്ഷ്മണന്റെ അവതാരമാണെന്ന് ഒരു വിശ്വാസം തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അബദ്ധമെന്തെങ്കിലുമുണ്ടോ?

ഡോക്ടർ—നിങ്ങളെപ്പറ്റി ശൂർപ്പണഖയുടെ അവതാരമാണെന്നുകൂടി കരുതാത്ത കാലത്തോളം അപായമൊന്നുമില്ല.

റാന്തൽക്കാർ.



യൂറോപ്യന്മാർ ഇന്ത്യയിൽ കുടിയേറി പാർപ്പു തുടങ്ങിയ ആ പുരാതനകാലത്തെപ്പറ്റി പല കഥകളുമുള്ളതിൽ ഏറ്റവും രസാവഹമായി തോന്നിയത് താഴെ ചേർക്കുന്നു.

ഇന്ത്യയിൽ കപ്പലിറങ്ങിയ ആദ്യത്തെ ദിവസം രാത്രി രണ്ടു ഇംഗ്ലീഷുകാർ തങ്ങളുടെ തമ്പിൽ ഉറങ്ങുവാൻ പോയിക്കിടന്നു. പക്ഷെ കൊതുകടികൊണ്ട് ഉറക്കു തീരെ വന്നില്ല. ഒട്ടുക്കു പൊറുതിമുട്ടിയ പാശ്ചാത്യർ, മൂട് അസഹ്യമായിരുന്നുവെങ്കിലും, ഓരോ കമ്പിളിയെടുത്ത് ആപാദചൂഡം മൂടിപ്പുതച്ചുകിടന്നു. കൊതുശല്യവും നിന്നു.

അങ്ങിനെ കുറെ കഴിഞ്ഞപ്പോൾ ആ നരകപ്രാണികളും തിരിച്ചുപോയെന്നറിയുവാൻ ഒരു വിദ്വാൻ തന്റെ കമ്പിളിയുടെ അറ്റം അല്പം പൊന്തിച്ച് ഇരുട്ടിലേക്കു നോക്കി. നാലഞ്ചു മിന്നാമിനുങ്ങുകൾ പറക്കുന്നതാണ് ആയാൾ കണ്ടത്.

ഭയവിഹ്വലനായ ആ മനുഷ്യൻ പെട്ടെന്ന് വിളിച്ചു പറഞ്ഞു: "ഐ സേ, ഡിക്ക്! നമുക്ക് രക്ഷയില്ല. ആ നശിച്ച പ്രാണികൾ റാന്തലും കൊളുത്തി നമ്മളെത്തിരയുവാൻ വരുന്നുണ്ട്!"

പട്ടിണിജാഥ.

(ചരിത്രപരമായ ഒരു വീക്ഷണം.)

'പട്ടിണി' എന്ന തനി സ്വദേശിയുടേയും, 'ജാഥ' എന്ന ശുദ്ധ പരദേശിയുടേയും സമാഗമത്താലുണ്ടായ ഒരു അയ്യപ്പസ്വാമിയാണ്, ഒരു മനോഹരമണിപ്രവാളപദമാണ 'പട്ടിണിജാഥ' യെന്നതു. ഇതിൽ പട്ടിണി എന്ന പദത്തെപ്പറ്റി ഭാഷികമായും കവിൽകമായും മാത്രമല്ല സമസ്തമായിത്തന്നെ നടത്തിയ ഗവേഷണത്തിൽ ലഭിച്ച വിവരം ശ്രദ്ധേയമാണ്. പണ്ടു മലയാളക്കരയെ (ഇന്നത്തെ ബ്രിട്ടീഷു മലബാർ മാത്രം) ടിപ്പു മഹാരാജാവു ആക്രമിക്കുകയും മറ്റും ചെയ്തുകയുണ്ടായല്ലൊ. ടിപ്പുവിന്റെ '64-ലെ കലാപത്തിനുമുൻപു ഹൈദരാലിയും, അദ്ദേഹത്തിനു മുൻപു മറ്റു മേത്തന്മാരും ഇവിടം കൊള്ളചെയ്തിട്ടുണ്ട്. മേത്തന്മാരെ, അല്ലെങ്കിൽ മുസ്ലീമീങ്ങളെ പട്ടാണികളെന്നു വിളിക്കുന്നതു സാധാരണയാണല്ലൊ. അക്രമികളായ മേത്തന്മാർ നാട്ടാരെ വല്ലാതെ ഉപദ്രവിച്ചതിന്റെ ഫലമായി നാട്ടിലെങ്ങും ആളുകൾക്കു ആഹാരത്തിനുപോലും വകയില്ലാതായി; എന്നല്ല കുറേക്കാലത്തേക്കു വിളയെടുക്കുവാൻപോലും ജനങ്ങൾക്കു സാധിച്ചില്ല. പട്ടാണിമാരുടെ പടപ്പാച്ചിൽ നിമിത്തം വന്നുപെട്ട ആഹാരമില്ലായ്മക്കു 'പട്ടിണി' എന്ന പേരും സിദ്ധിച്ചു. [ഇവിടെ പട്ടിയും പട്ടിണിയും തമ്മിൽ എന്തൊ ഒരു ബന്ധമുണ്ടെന്നു ചിലർ ഊഹിക്കുന്നതായറിയുന്നു. എന്നാൽ ആ ഊഹത്തിനു തക്കതായ അടിസ്ഥാനമില്ലാത്തതുകൊണ്ടു അതിനെപ്പറ്റി ഗവേഷണപരമായി ഒന്നുംതന്നെ പറയുവാൻ നിർവാഹമില്ല.] അങ്ങനെ കുടകു ചുരവും കടന്നു പട്ടിണി ഇന്നാട്ടിലവതരിച്ചു. ടിപ്പുസുൽത്താനുശേഷം നമ്മുടെ നാട്ടു 'ഇങ്കിരീസ്സുകൊമ്പഞ്ഞി' 'പരന്തിരീസ്സുകുമ്പഞ്ഞി' എന്നീ രണ്ടു കമ്പനികളുടെ വടം വലിയിൽ കുറെക്കാലം കിടന്നു നട്ടംതിരിഞ്ഞു. ഒടുവിൽ ഇങ്കിരീസ്സുകൊമ്പഞ്ഞി നാട്ടിന്നധിപരുമായി. വികടമേറിയ ഇങ്കിരീസ്സു കൊമ്പഞ്ഞിയിൽനിന്നും നമ്മുടെ നാട്ടു വികടോറിയാതമ്പുരാട്ടിയുടെ കയ്യിൽ, ഭാഗ്യവശാൽ, എത്തിച്ചേർന്നു. പട്ടാണിയുടെ കയ്യിൽനിന്നും വെള്ളക്കാരന്റെ കയ്യിൽവീണ ഈ നാട്ടിൽ പട്ടിണിക്കു യാതൊരു ക്ഷാമവും ഉണ്ടായില്ല; മാത്രമല്ല കൂടുതൽ ജോറായി അതു എങ്ങും പരക്കുകയും ചെയ്തു. സ്വതവെ 'കമ്മവാസനക്കാരും' 'വിധിപോലെ നടക്കട്ടെക്കാരു'മായ നാം പട്ടിണി സഹിച്ചുകൊണ്ടതന്നെ ഇതുവരെയും കഴിച്ചുകൂട്ടി. 'അയ്യോ! ഇനി ഒരൊറ്റ മിനുട്ടു ജീവിച്ചിരിക്കാൻ നിവൃത്തിയില്ല' എന്ന ഘട്ടത്തിലുമെത്തി. നിലവിളിക്കാനും തുടങ്ങി. പട്ടിണി! പട്ടിണി!! പട്ടിണി!!!.

"പുറപ്പെടാം നമുക്കു;—മദിരാശിക്കു പുറപ്പെടാം. ഗവർണർ അവർകളോടു നേരിട്ടോ—ഇപ്പോഴത്തെ ഗവർണർ നമ്മുടെ പഴയ സർ. ക്ലമ്മവെങ്കടറെഡ്ഡി അവർകളും തന്നെയല്ലേ?—അല്ലെങ്കിൽ മുരുങ്ങിയതു നിയമനിർമ്മാണസഭ (വളരെ ആലോചിച്ചുവേണം ഈ പേർ ഉപയോഗിക്കുവാൻ, മനസ്സിലായൊ?)യിൽ കടന്നു ചെന്നു അവിടെ കൂടുന്ന മെമ്പർമാരോടൊ നമ്മുടെ പട്ടിണിയെപ്പറ്റി ഒരു 'ഗാഥ' ചൊല്ലാം" എന്നു് ഒരാൾ പറഞ്ഞു. "ഹിയർ, ഹിയർ!" എന്നു് പലരുമതിനെ ശരിവെക്കയാമാസ. പട്ടിണിജാഥയും തുടങ്ങി. ഓ, 'ജാഥ'യുടെ ചരിത്രം പറഞ്ഞില്ലല്ലൊ! അല്ലെങ്കിൽ വേണ്ട; അതിനെപ്പറ്റി അറിയേണ്ടതറിഞ്ഞും പറയേണ്ടതു പറഞ്ഞും കഴിഞ്ഞു. അതു ഒരു ഹിന്ദിവാക്കാണെന്നു രാഷ്ട്രഭാഷാവിശാരദനാവാൻപോകുന്ന മി: ഉണ്ണിക്കൃഷ്ണമേനോൻ സധൈര്യം പ്രസ്താവിക്കുന്നു. അതിരിക്കട്ടെ. സർദാർ ഫ. കൃ. രാ. നാ. രും, എ. കെ. ഗോ. നും, മറ്റു കുറെ സിൽബന്ധികളുംകൂടി പട്ടിണിജാഥയും ആരംഭിച്ചു. വിമാനമില്ല, തീവണ്ടിയില്ല, കാറില്ല, സൈക്കളില്ല, ജട്കവണ്ടിയില്ല, കാളവണ്ടിയില്ല—ഒന്നുമില്ല; നാലാളുകൂടി ഒരു വണ്ടി 'എങ്കെയിജ്' ചെയ്താൽ ഒരാൾക്കു എതു വണ്ടിയുണ്ടോ ആ വണ്ടിയിൽ—അതായതു്, 'കാൽവണ്ടി'യിൽ—അവരെല്ലാവരും യാത്ര ചെയ്തു! അങ്ങനെ കുറെ ആളുകൾ പട്ടിണിനടത്തം തുടങ്ങി. കഴിഞ്ഞ ജന്മം ശിവദ്രവ്യം അപഹരിച്ച ചിലക്കെല്ലാം വഴിക്കുവെച്ചു മുടക്കംപറ്റി; മറ്റു ചിലക്കു മറ്റു കാരണങ്ങളാൽ മറ്റു വല്ലായ്മകളും ഉണ്ടായി. വയറ്റിൽ സുഖ

ക്കേടായിരുന്നുപോലും മിക്കവക്കും! അനശനമോ അത്യശനമോ ഇതിന്നു കാരണമെന്നു ഇപ്പോഴും പറവാൻ പ്രയാസം. 'മാതൃഭൂമി'യിൽ കണ്ട റിപ്പോർട്ടുകൾ പ്രകാരം പട്ടിണിക്കാക്കു വഴിനീളെ ലഭിച്ച സ്വാഗതത്തിന്റെ എണ്ണവും വണ്ണവും നോക്കുമ്പോൾ രണ്ടാമത്തേതാവാനാണ് വഴി. ഇരിക്കട്ടെ. അവർ നടന്നു, നടന്നു, നടന്നു, ഒടുവിൽ മദിരാശിയിലുമെത്തി. നിയമനിർമ്മാണസഭാമെമ്പർമാരിൽ ചിലർ അവരെ സൽക്കരിച്ചു. തിരുവിളക്കണ്ണിബീച്ചിൽ തിലകഘട്ടത്തിൽ ഒരു മഹായോഗത്തിൽ അവരെ വരിവരിയായി നിർത്തി പൂജിച്ചു. തിരുവിളക്കണ്ണിയിലെ മെക്കഡമൈസ്ഡ് റോട്ടിൽക്കൂടി നടക്കുന്ന അവർക്കു ശ്രീമാൻ സത്യമൂർത്തിസ്വാമി അവർകൾ ബാൽക്കണിയിൽ നിന്നു ഒരു പുഞ്ചിരി സമ്മാനിച്ചതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. പട്ടണമെങ്ങും ചുറ്റിത്തിരിഞ്ഞു ഒടുവിൽ നിയമനിർമ്മാണസഭയുടെ വാതുക്കൽ അവർ എത്തി. അവർ വാതുക്കൽ മുട്ടി. മഹാകവി ഉള്ളൂർ തൃശ്ശൂർ പരിഷത്തിൽവെച്ചു പറഞ്ഞതിനെ ഭൂതകാലമാക്കിച്ചെയ്കയാണെങ്കിൽ, അവർ മുട്ടി, വീണ്ടും മുട്ടി, ഉറക്കെ മുട്ടി. പക്ഷെ അകത്തു ഉണ്ടിരിക്കുന്ന എം. എൽ. സി. കുണ്ടന്മാർ പട്ടിണിക്കാരുടെ മുട്ടൽ, വിശന്ന വലയുന്നവരുടെ വിളി, കേട്ടതേയില്ല. പട്ടിണിക്കാർ ക്കുക്കിവിളിച്ചു; വിശന്നു കൂളിച്ചു. ഒന്നരമാസത്തെ ആതപസ്നാനത്തിന്നു അന്നത്തെ സേദസ്നാനം ഒരൊന്നാംതരം പ്രതിവിധിയായി. അവർ സ്വന്തം നാട്ടിലേക്ക് തിരിക്കുവാൻ തീച്ചപ്പെട്ടത്തി. അതിനിടയിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ പന്നീർശെൽവം അവർകൾ, മിനിസ്റ്റരുടെ നിലയിലല്ലാ, വെറും മി: പന്നീർശെൽവത്തിന്റെ നിലയിൽ, ജാഥക്കാക്കു ചായസൽക്കാരം നൽകേണ്ടതിനെപ്പറ്റി ആലോചിച്ചു. നമ്മുടെ ശ്രീ: വി. പി. നാരായണൻനമ്പ്യാർ അവർകൾ (ബി. എ; ബി. എൽ; എം. എൽ. സി.) ജാഥക്കാരോട് പന്നീർശെൽവം (മൈനസ് മിനിസ്റ്റർ) അവർകളുടെ ചായസൽക്കാരത്തെപ്പറ്റി പ്രസ്താവിച്ചു. ഔദ്യോഗികമായ തേയില മാത്രമെ തങ്ങൾ സ്വീകരിക്കുകയുള്ളുവെന്നു ജാഥക്കാർ മറുപടിയും പറഞ്ഞു. അങ്ങിനെ ആ ചായ നഷ്ടപ്പെട്ടു. ഒടുവിൽ പട്ടിണിജാഥ നാട്ടിലേക്കു തിരിച്ചു; കണ്ണൂരിൽനിന്ന് കാൽനടയായി പുറപ്പെട്ടവർ കണ്ണൂരിൽവന്നു വണ്ടിയിറങ്ങി. മൂഷികസ്ത്രീ പിന്നേയും മൂഷികസ്ത്രീ തന്നെയായി. പട്ടിണിജാഥ നാട്ടിലെത്തിയശേഷം ശ്രീമാൻ വി. പി. നാരായണൻനമ്പ്യാർ പട്ടിണിജാഥക്കാരുടെ നിവേദനപത്രികയുമായി ഹോം (ഭവനം) മെമ്പറെ ചെന്നുകണ്ടു. വി. പി. യോട് ഹോംമെമ്പർ, "അല്ല, നമ്പ്യാരെ! നിങ്ങളാണോ പട്ടിണിക്കാരുടെ പ്രതിനിധി?" എന്നു പെട്ടെന്നു ചോദിച്ചു പോയെങ്കിൽ, "അതിലെന്താശ്ചര്യം?"

വണ്ടിയിറങ്ങിയ ജാഥക്കാരെ കുറെയാളുകൾ കണ്ണൂരിലെ സുപ്രസിദ്ധവിളക്കുംതറ മൈതാനത്തിൽ ആനയിച്ചു. അവിടെ ഒരു ഗംഭീരമായ പൊതുയോഗം നടന്നു. സുപ്രസിദ്ധകോൺഗ്രസ്സു നേതാവും, അനേകം സാധുക്കളെ പ്രതിഫലേച്ഛകൂടാതെ സ്വന്തം കമ്പനിയിൽവെച്ചു സംരക്ഷിക്കുന്ന മഹാനും, ലെജിസ്ലേററീവ് അസംബ്ളി മേമ്പരുമായ ശ്രീമാൻ സാമുവൽ ആറോന്റെ ധർമ്മപത്നി ശ്രീമതി ഗ്രെയിസി ആറോൺ അദ്ധ്യക്ഷയെന്ന നിലയിൽ പട്ടിണിജാഥക്കാക്കു സ്വാഗതമരുളി; അദ്ധ്യക്ഷയുടെ സുമധുരവും, സുഖകരവുമായ പ്രസംഗത്തിൽ പട്ടിണിജാഥക്കാരുടെ യാത്ര കേരളചരിത്രത്തിലെന്നല്ല ഭൂലോകചരിത്രത്തിൽതന്നെ തങ്കമഷിയിലുള്ള അച്ചടിയെ അർഹിക്കുന്നതാണെന്നു വ്യക്തമാക്കുകയുണ്ടായി. ഇതി പട്ടിണിജാഥാചരിതം സമാപ്തം. ജാഥാകി–ജേ!!!

പട്ടിണിജാഥയുടെ ഫലങ്ങൾ.

(1) അതു പുറപ്പെട്ട ടിക്കിൽതന്നെ തിരിച്ചെത്തുകയും, ഭൂമി ഉരുണ്ടതുതന്നെയാണെന്നു ഒന്നുകൂടി വ്യക്തമാക്കുകയും ചെയ്തു.

(2) മലബാർ ഡിസ്ട്രിക്ടുബോർഡു നിരത്തുകളിലെ മണ്ണു ഇതരജില്ലകളിൽ കാൽവഴിയായി കടത്തിയിട്ടുകയും, തന്നിമിത്തം മ. ഡി. ബോഡിലേക്കു ഇനിയത്തെ ആണ്ടിൽ റോഡ് റിപ്പേറിനു ഗണ്യമായ ഒരു തുക ചെലവു ചെയ്യാനുള്ള സൌകര്യം നൽകുകയും ചെയ്തു.

(3) ഉദാരമതികളായ ചില മറുനാടന്മാരുടെ ഔദാര്യത്തെ പരീക്ഷിച്ചു; പാസ്സാക്കി.

(4) തീവ്രവ്യായാമത്തിന്നിടയിൽ തേയിലത്തണ്ണി കഴിക്കുന്നതു ആരോഗ്യത്തിന്നു ഹാനികരമാണെന്നു ഉദാഹരണസഹിതം വെളിപ്പെടുത്തി.

(5) മദിരാശി കോർപൊറേഷന്റെ ട്രാഫിക്ക് ചട്ടങ്ങളും സപ്തസമയത്തേക്കു താൽക്കാലികമാക്കി.

(6) മദിരാശി നിയമനിർമ്മാണസഭയുടെ രക്ഷക്കായി കുറെ പോലീസ്സുകാർ പതിവായി പാറാവു നിൽക്കുന്നതിന്ന് അത്ഥവും ആവശ്യവുമുണ്ടെന്ന് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

(7) എത്രതന്നെ ശ്രമിച്ചാലും, "ഹിൻഡ് സ്വരാജ്" മുതലായ എത്ര ഗ്രന്ഥങ്ങളും മഹാത്മജി രചിച്ചാലും, മനുഷ്യനു ഇനിമേൽ അപരിഷ്കൃതനാവാൻ സാധിക്കുകയില്ലെന്നു ധൂമശകടമാർഗമായ മടങ്ങിവരവിനാൽ തെളിയിച്ചു.

ഇങ്ങനെ സപ്തമഹാഫലങ്ങളും ലോകത്തിനു സമ്മാനിച്ച ജാഥക്കാർ ഇനിയും പട്ടിണിജാഥകളിൽ പങ്കെടുത്തു പ്രമാണികളായിത്തീരാൻ പരമകാരുണികരായ ബ്രിട്ടീഷു ഗവർമ്മേണ്ടു വീണ്ടും വീണ്ടും അവസരം നൽകട്ടെ!

ബിക്കേനാർ.

യജമാനൻ: നിനക്ക് വെറുതെ ശമ്പളം തരികയാണ്. ആ ആളുമാരിയുടെ ചോട്ടിലുള്ള പൊടിക്ക് ആറു മാസത്തെ പഴക്കമുണ്ട്.

വേലക്കാരി: അതെയോ? എന്നാൽ അതെന്റെ കുറ്റമല്ല. ഞാൻ വന്നിട്ട് ഒരു മാസം തികച്ചായിട്ടില്ല.

* * *

രാധ: ശാന്തേ, നിനക്ക് ഈ ജന്മം ആ അസത്തു പട്ടിയെ അനുസരണം പഠിപ്പിക്കാൻ കഴിയുകയില്ല. നീ വെറുതെ ശ്രമിക്കുകയാണ്.

ശാന്ത: ഓ, അതു സാരമില്ല. ശ്രമിച്ചാൽ ആരെയും അനുസരണം പഠിപ്പിക്കാം. ബാലന്റെ അച്ഛൻ ആദ്യമൊക്കെ ഇതിലും മോശമായിരുന്നു.

* * *

നേതാവ്:—ആളുകൾ പോകുന്നത് ഏതു വഴിക്കാണെന്ന് നോക്കി മനസ്സിലാക്കി അവരുടെ മുമ്പിൽചാടി വീഴുന്നവനെ 'നേതാവെ'ന്നു വിളിക്കുന്നു.

———:o:———

ഉന്മാദമോദം.

(മിസ്റ്റിക് പ്രേമഗാനം.)

ഓമനക്കുട്ടൻ—

പുഞ്ചിരികൊണ്ടു വഞ്ചനചെയ്യും
ചഞ്ചലാക്ഷി, നിൻ വാഞ്ഛിതം
പുഷ്പസായക 'പുഷ്പക'മേറി
ശുഷ്പസന്നിഭം നിഷ്പ്രഭം!

തേനണിമൊഴി, ഞാനൊരുവനാ—
സ്സാനമോ? തനിപ്രേമമോ?
ശാരദമായ നീരദമോട്ടു
നീ രസിച്ചു ചിരിക്കയാം!

ഉണ്ടു ഞാനഴൽക്കുണ്ടിലെങ്കിലു-
മുണ്ടു നീയണിത്തണ്ടിലും!
വാഴിനു മണിമേഖലയായി
യാനന്ദാങ്കിതരേഖയായ്
മാരിവില്ലു വിളങ്ങി നിൽക്കവേ,
വാരിദത്തിനൊരുത്സവം!

തേനണിമൊഴി, ഞാനൊരുവനാ—
സ്സാനമോ? തനിപ്രേമമോ?

ചൊല്ലു ചൊല്ലു നീ പല്ലവാധരി,
തെല്ലുതെല്ലെൻ പൊൻവല്ലകി!
നിന്നുയിരിലാണെന്നുയിരെന്നാ—
തന്നു തന്നെ ഞാൻ ചൊല്ലീലെ?
നിന്മണിവീണ മീട്ടി മീട്ടിയെൻ
കന്മണി ഞാൻ കിണഞ്ഞുപോയ്!

കിഞ്ചന നാമം പുഞ്ചിരികൊണ്ടു
പഞ്ചസാര നീ നിർമ്മിച്ചു;
തെല്ലുതിൻ തരിയാസ്വദിച്ചെന്റെ
യുല്ലാസത്തിനൊരുന്മാദം!

ചേമഞ്ചേരി.

ക്ലാലിക്ക് പുറമേ.

തടിയൻ:—സ്റ്റേഷനിലോളം പോകുവാൻ എത്ര തരണം?


റിക്ഷക്കാരൻ:—എഴപതുറുപ്പിക മൂന്നണ.

തടിയൻ:—എന്ത്!!!

റിക്ഷക്കാരൻ:—മൂന്നണ കൂലി; എഴപതുറുപ്പിക റിക്ഷ പൊളിഞ്ഞുപോയെങ്കിൽ അതിന്റെ വില.

നായും അതിന്റെ നിഴലും.

ചിത്രത്തിൽ കാണുന്ന മൃഗത്തെ നിങ്ങൾക്കു മനസ്സിലായോ? അത് പാപ്പരായി, പട്ടിണിയിട്ട് പാളീസ്സായ ഒരു പട്ടിയാണ്; അതിന്റെ പേർ 'പട്ടിണിയാത്തു'യെന്നാകുന്നു.



ഈ പട്ടി നിൽക്കുന്നത് ഒരു വലിയ അരമനയുടെ പടിവാതിലിന്നു പുറത്താണ്. നി. നി. സ. മന്ദിരമെന്നാണ് ഈ അരമനയുടെ പേർ. വിശപ്പുമാറിയാത്ത ധനികന്മാരുടെ പ്രതിനിധികൾ കൊല്ലം തോറും കൂടിച്ചേർന്ന് ദിവസം അതിന്നുള്ളിലിരുന്ന് ഉറക്കംതൂങ്ങുന്നു.

പട്ടിണിയാത്തുയെ ദൂരെനിന്നു കണ്ട ഉടനെ അവർ അകത്തുനിന്നു വാതിലടച്ചു പൂട്ടിയിരിക്കുകയാണ്: അതു അകത്തു കടക്കാതിരിക്കുവാനാണ് അവർ ഇങ്ങിനെ ചെയ്തത്.

നി. നി. സ. മന്ദിരത്തിന്റെ ചുമരിന്മേൽ വലിയ ഒരു കറുത്ത നിഴൽ പതിഞ്ഞതു നിങ്ങൾ കണ്ടുവോ? അതു പട്ടിണിയാത്തുയുടെ നിഴലാകുന്നു. 'സാധാരണ പട്ടികളുടെ കൂടെ അവയുടെ നിഴലും നീങ്ങും. പക്ഷേ ഈ പട്ടിക്ക് ഒരു വിശേഷതയുണ്ട്: അത്, കുറെക്കഴിഞ്ഞു പട്ടി അവിടെനിന്നെഴുന്നേറ്റുപോയാലും അതിന്റെ നിഴൽ മേപ്പടി മന്ദിരത്തിന്റെ ചുമരിന്മേൽത്തന്നെ പറ്റിനിൽക്കുമെന്നുള്ളതാണ്.

യുധിഷ്ഠിരനെ പരീക്ഷിപ്പാനായി ധർമ്മരാജാവ് ഒരു പുഴുത്ത പട്ടിയുടെ വേഷംധരിച്ചു ചെന്ന കഥ നിങ്ങൾ കേട്ടിട്ടില്ലേ? അന്തകൻ പലേ വേഷങ്ങളും ധരിക്കുമെന്ന് കപടധാർമ്മികന്മാർ അപായം വരുമ്പോൾ മാത്രമെ മനസ്സിലാക്കുകയുള്ളൂ.

മടിയൻ.

(ഗദ്യകവിതാപ്രസ്ഥാനവിപ്ലവം.)

അലസതേ, ഞാനിതാ ഭവതിയുടെ മടിയിൽ തല ചായ്ച്ചു കിടക്കുവാൻ വരികയായി!

ഇല്ല; എന്റെ കൂടെ ആരുമില്ല...പ്രയത്നമോ? വെറുതെ ആകാശവേരു കിളച്ചെടുക്കുവാൻവേണ്ടി ഉദയംതൊട്ടന്തിവരെ ഓടിക്കിതച്ച് വിയത്തൊലിച്ച് പാഞ്ഞുപാളീസ്സാകുന്ന ആ നിസ്സേജനോ? അവന്റെ കൂട്ടുകെട്ട് പണ്ടേ ഞാൻ വിട്ടുകഴിഞ്ഞു. ആ അസത്തിനെ കണ്ടേടത്തിൽ നിന്ന് ബീക്കുന്നവക്ക് പത്തു പ്രയാഗാസ്നാനം കഴിച്ചവരുടെ പുണ്യമുണ്ടാകും!

അലസതേ, ഞാനിതാ ഭവതിയുടെ മടിയിൽ തല ചായ്ച്ചു കിടക്കുവാൻ വരികയായി!

പ്രകൃതിതന്നെ ഉറക്കം തൂക്കുന്നു. മാന്തളിരുകം കൊണ്ട് മെയ് മറച്ച്, മാമ്പൂവിന്റെ സുഗന്ധം ഏറുകൊണ്ട് കയിൽ എത്ര നേരമായി മൌനമായിരിക്കുന്നു! അവന്റെ ഹാർമോണിയ ശ്രുതിക്കാരായ വണ്ടുകളും, കവത്ത അരക്കിന്റെ സീലു വെച്ചതുപോലെ, പൂക്കളിൽ മിണ്ടാതെ പറ്റിക്കിടക്കുന്നതു കാണുന്നില്ല? വിസ്തൃതാകാശത്തിൽ വഴി പിഴച്ചുപോയ ശരന്മേഘശകലങ്ങളും, പുരപ്പുറത്തെ പൂച്ചകളെപ്പോലെ, വെയിലേറു കിടന്നു മയങ്ങുകയാണ്. കാറൊഴിഞ്ഞ് താൻ വലിയ ഉത്സാഹിയാണെന്ന നിലയ്ക്ക് രാപ്പകൽ, ചില ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരെപ്പോലെ സക്കീട്ടടിച്ച്, പൂക്കളുടെ സൌരഭ്യം കവർന്നൊടുക്കുന്ന ആ ചീപ്പുവറാൻ എവിടെ? അവൻ മുല്ലച്ചെടികളുടെ ഇടയിൽ ഒളിച്ച് ഉറങ്ങുകയാണ്. അവനവിടെയില്ലെന്ന് തളിക്കെകളിളക്കി അവ നിഷേധിക്കുന്നതുകൊണ്ടുതന്നെ അവനെ ആ പൊന്തകളിലകം ഒളിപ്പിച്ചിരിക്കുകയാണെന്ന് എനിക്കു മനസ്സിലായിരിക്കുന്നു. അവന്റെ മന്ദമായ ശ്വാസോച്ഛ്വാസംകൂടി ഞാൻ കേൾക്കുന്നുണ്ട്. ഈ സമയത്താണോ എന്നോട് പ്രയത്നിക്കുവാൻ പറയേണ്ടതു്?

അലസതേ, ഞാനിതാ ഭവതിയുടെ മടിയിൽ തല ചായ്ച്ചു കിടക്കുവാൻ വരികയായി!

ഞാൻ ജീവിതായോധനത്തിൽ മുറിയേറു തളർന്ന് തോറ്റു ഉന്നംപാടി ഹേലി സെലാസിയെക്കാളും തകരാറിലായിരിക്കുന്ന ഒരു പോരാളിയാണ്. എന്റെ കഴഞ്ഞ കൈകളിൽനിന്ന് വാളും മാത്രമല്ല, പരിചയുംകൂടി ഊരി വീണുപോയിരിക്കുന്നു. ഈ യുദ്ധത്തിന്റെ കലാശത്തെപ്പറ്റി റോയിറർ വാർത്തയടങ്ങിയ പത്രവും കൊണ്ട് ആരും ഇങ്ങ് കടക്കേണ്ട. എന്നെ സംബന്ധിച്ചേടത്തോളം, എനിക്കതിൽ ശ്രദ്ധ വിട്ടിരിക്കുന്നു. ജയിച്ചവൻ മുസ്സോളിനിയുടെകൂടെ ആഞ്ഞു വിളിക്കട്ടെ; തോറ്റവൻ ഹേലിസെലാസിയോടൊപ്പം ഓടിയൊളിക്കട്ടെ. ഞാനൊന്നും അറിയുകയില്ല; എന്നോടൊന്നും പറയേണ്ട.

അലസതേ, ഞാനിതാ ഭവതിയുടെ മടിയിൽ തലചായ്ച്ചു കിടക്കുവാൻ വരികയായി!

ഭവതി ഒന്നും പറയുകയില്ലെന്നും ഒരു മൂളഗീതംകൊണ്ടുകൂടി ഈ പ്രശാന്തതയെ ഭഞ്ജിക്കുകയില്ലെന്നും എനിക്കറപ്പുണ്ട്. ഭവതിയുടെ കൈ എന്റെ നെറ്റിമേൽ വെച്ചാൽ അത് മുല്ലമാലയുടെ കഷണംപോലെ അവിടെത്തന്നെ കിടക്കുമെന്ന് എനിക്കറിയാം. ഒരു നേരിയ വീർപ്പുകൊണ്ടുകൂടി എന്റെ മനസ്സിനെ ഭവതി വികാരതരംഗിതമാക്കുകയില്ലെന്ന് ഞാനൂഹിക്കുന്നു. അധിമധുരമായ ഒരു ചുംബനംകൊണ്ടുകൂടി എന്റെ ദിവാസ്വപ്നത്തെ ഭവതി ഉടയ്ക്കുകയില്ല.

അലസതേ, ഞാനിതാ ഭവതിയുടെ മടിയിൽ തല ചായ്ച്ചു കിടക്കുവാൻ വരികയായി!!

വൈദ്യനെ കാണാൻ ചെന്ന ആൾ വളരെ ദേഷ്യത്തോടുകൂടി പറഞ്ഞു. "നിങ്ങളല്ലേ ഒട്ടക്കം തന്ന മരുന്നുകൊണ്ട് എന്റെ അനുജന് രോഗം തീരെ സുഖപ്പെട്ടുമെന്ന് പറഞ്ഞത്? അവൻ മിനിഞ്ഞാന്നു കഴിഞ്ഞുപോയി."

വൈദ്യൻ: മരുന്ന് കഴിച്ചു തുടങ്ങീട്ട് എത്ര മാസമായി?

"ഒരുമാസം."

"ആ! അതല്ലേ പറിയത്! രണ്ടുമാസം തികച്ചു കഴിച്ചാൽ മാറുമെന്നല്ലേ ഞാൻ പറഞ്ഞത്?"

സത്യവും ജ്ഞാനം.

I

"സത്യവാന്മാരായിരിക്കുക!"— ഇതായിരുന്നു ഇന്ത്യാവൈസ്രോയിയായ ലിൻലിത്ത്ഗോ പ്രഭു ബിഷപ്പ് കോട്ടൺ സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾപ്രസംഗദിനാഘോഷാവസരത്തിൽ നൽകിയ ഉപദേശം.

"സത്യം പറയുക!" ലോകചരിത്രത്തിന്റെ ആദിമകാലം മുതൽ ജ്ഞാനികളും അജ്ഞാനികളും, അധ്യാപകന്മാർ അധ്യേതാക്കളും, അച്ഛന്മാർ മക്കളും, അവതാരപുരുഷന്മാർ സാധാരണന്മാരും നൽകിവന്നിട്ടുള്ള ഉപദേശമാണത്. സത്യത്തിന്റെ മാഹാത്മ്യത്തെ പാടിപ്പുകഴ്ത്താത്ത മതഗ്രന്ഥമില്ല, സന്മാർഗപാഠമില്ല, കോപ്പിപുസ്തകമില്ല, എലിമെന്ററി സ്കൂൾ ചുമരില്ല. "ബ്രഹ്മസത്യം", "സത്യം ജയതി നാനൃതം", "സത്യാന്നാസ്തി പരോ ധർമ്മഃ", "സത്യം നിത്യ സൌന്ദര്യമാകുന്നു", "അന്നേറെത്തുണ്ടിയതു സത്യമെന്നറിഞ്ഞാലും", "ദൈവം സത്യസ്വരൂപനത്രെ!" എന്നിങ്ങിനെ സത്യത്തിന്റെ മഹിമയെയും ഉൽകൃഷ്ടതയെയും ഉദ്ഘോഷിയ്ക്കുന്ന പ്രമാണങ്ങളും സൂക്തികളും, ഉപദേശങ്ങളും, ഒരാൾ അതിനു് ഒരുങ്ങിയിറങ്ങുകയാണെങ്കിൽ, ഒരു മാസം മുഴുവൻ ശ്വാസംവിടാതെ പറയുവാനുണ്ടായിരിക്കും.

ഇപ്പോഴിതാ അതേ പഴയ വസ്തുത ഇന്ത്യാവൈസ്രോയിയായ ലിൻലിത്ത്ഗോ പ്രഭു അവർകളും പറഞ്ഞിരിക്കുന്നു!

എന്തുകൊണ്ടാണെന്നറിഞ്ഞില്ല, ഇന്ത്യാവൈസ്രോയി ലിൻലിത്ത്ഗോ പ്രഭു അവർകളും ഇതു പറഞ്ഞതിനു ശേഷമാണു്, ഈ ഉപദേശത്തെപ്പറ്റി ഞാൻ ഗാഢമായി ആലോചിക്കുവാൻ തുടങ്ങിയതു്. അനൌദ്യോഗികരായിട്ടാണെങ്കിലും, ഇന്ത്യാവൈസ്രോയി "സത്യവാന്മാരായിരിക്കുക!" എന്നു് പറയുമ്പോൾ അതിനു് ഒരു ഉപദേശത്തിന്റെ വില മാത്രമല്ല, അധികൃതാജ്ഞയുടെ ഒരു ഗൌരവംകൂടി വന്നുചേരുന്നുണ്ടു്. ചെറുപ്പം മുതൽക്കേ സത്യം പറയുന്നതിന്റെ ഐഹികപാരത്രികങ്ങളായ നാനാതരം നന്മകളെപ്പറ്റി വീട്ടിലും സ്കൂളിലുംവെച്ചു് ദിനംപ്രതി ഉപദേശങ്ങളും താക്കീതുകളും കിട്ടിയവനെങ്കിൽകൂടി, ഇന്ത്യാവൈസ്രോയിയായ ലിൻലിത്ത്ഗോ പ്രഭു അവർകളുടെ ആജ്ഞ കിട്ടുന്നതുവരെ, ഞാൻ,

"കളിയിൽ, പ്രാണരക്ഷയ്ക്കും,
ഗോബ്രാഹ്മണഹിതത്തിനും,
വേളിയ്ക്കും, വൃത്തിരക്ഷയ്ക്കും
പൊളി നിന്ദിതമല്ലെടോ"

എന്നു സ്വകായ്കമായി വിശ്വസിച്ചും, അതുപ്രകാരം പ്രവർത്തിച്ചും വരുന്ന ലോകത്തിലെ അനേകകോടി ജനങ്ങളുടെ ഇടയിൽ ഒരുവൻ മാത്രമായിരുന്നു എന്ന സംഗതി ഇവിടെ സലജ്ജം സമ്മതിച്ചുകൊള്ളുന്നു.

അങ്ങിനെ കാലം കഴിഞ്ഞുവരികെയാണ് ഇന്ത്യാവൈസ്രോയിയായ ലിൻലിത്ത്ഗോ പ്രഭുവിന്റെ ഉപദേശം പെട്ടെന്നു പടികയറിവന്നതു്. അസാന്മാർഗികപഥത്തിൽകൂടി ചരിച്ചിരുന്ന മറിയപ്പെൺകിടാവിന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ ഉപദേശം കടന്നുവന്നില്ലേ?— അതുപോലെ.

"രക്ഷിക്ക ചാരിത്ര!—മെന്നൊരാക്ഷരം
നക്ഷത്രം പോലതാ തത്ര മിന്നി.
സാരം ഗ്രഹിച്ചവൾ തൻ ജീവിതാധ്യായ—
മോരോന്നും വായിച്ചു നോക്കുകയായ്.
'ചാരിത്ര'മെന്നൊരു വാക്കതിൽ കണ്ടീല:
നാരിപ്പൂണ്ടയ്യോ, നടുങ്ങിപ്പോയീ!"

ഇവിടെ 'ചാരിത്ര'ത്തിനു പകരം 'സത്യം' എന്നെഴുതിയാൽ എന്റെ അനുഭവത്തിന്റെ ഒരേകദേശപ്പകർപ്പായി.

മനുഷ്യന്റെ ജീവിതത്തിൽ ഓരോ പരിവർത്തനം വന്നുചേരുന്ന സമ്പ്രദായം നോക്കുക! പതിവായി കാണുന്ന കാഴ്ചകൾ; പതിവായി കേൾക്കുന്ന വാക്കുകൾ;—പക്ഷെ നന്നാവാൻ പോകുന്നവൻ, സമയമെത്തുമ്പോൾ, പെട്ടെന്നു് അവയിൽ ഒരു പുതിയ ശക്തിയും അർത്ഥവും കണ്ടെത്തുന്നു; അതോടുകൂടി ആളും മാറുന്നു. അങ്ങിനെയാണ് മിനിഞ്ഞാന്നു രാത്രി ഇന്ത്യാവൈസ്രോയിയായ ലിൻലിത്ത്ഗോ പ്രഭുവിന്റെ ഉപദേശം വായിച്ചതോടുകൂടി എന്റെ ആത്മികമായ ഉറക്കം ഉണർന്നുപോയതു്; എന്റെ ബു

ദ്ധിയുടെ ആവരണം നീങ്ങിപ്പോയത്; എന്റെ മാനസികമായ ചക്ഷുസ്സ് തുറന്നുപോയത്.

"നാളെ രാവിലെ ഉണർന്നതുമുതൽ അന്ത്യശ്വാസം പോകുന്നതുവരെ ഞാൻ സത്യമേ പറകയുള്ളൂ; സത്യം മുഴുവൻ പറയും; സത്യമല്ലാത്തയാതൊന്നും പറയുകയില്ല" എന്ന ഒരു ഭയങ്കരത്തീർപ്പ്, കോടതിയിലെ സത്യവാചകശൈലിയിൽ, പല്ലു കടിച്ചുകൊണ്ട് ഉരുവിട്ടന്നതിന്നിടയ്ക്ക് ഞാൻ ഉറങ്ങിപ്പോവുകയും ചെയ്തു.

II

കയിലൊച്ചയും കോഴികൂകലും ഏകകാലത്തിൽ ചെവിയിൽ അമൃതധാരി പൊഴിക്കെയാണ് ഇന്നലെ—വടക്കൻ കൊല്ലപ്പിറവിദിനമായ കന്നിസംക്രമദിവസം—രാവിലെ ഞാൻ ഉണർന്നത്. "സത്യം—സത്യം—ഞാൻ സത്യമേ പറയൂ—സത്യമല്ലാത്തയാതൊന്നും പറയുകയില്ല!" എന്ന് തലച്ചോറിൽനിന്ന് ഉറക്കം ഒഴിഞ്ഞുമാറുന്ന അർധപ്രജ്ഞാഘട്ടത്തിൽക്കൂടി ഞാൻ മനസ്സിൽ ഉരുവിടുന്നുണ്ടായിരുന്നു.

എന്തൊരു ശുഭസൂചകമായ നവവത്സരാരംഭമാണ്—അല്ലേ?

ശരി; നിങ്ങടെ മുഴുവൻ കേൾക്കിൻ!

ദിനചര്യയുടെ പ്രാരംഭച്ചടങ്ങുകളൊക്കെ ഒരൊറക്കളവു പറയാതെ ഞാൻ കഴിച്ചുകൂട്ടി, എട്ടുമണിക്കു പുറത്തേക്കിറങ്ങി. ഞാൻ നേരെ പോയത് എഞ്ചിനിയർ ശങ്കരമേനോന്റെ വീട്ടിലാണ്. അദ്ദേഹവുമായി കുറച്ചുനേരം സംസാരിച്ചുകൊണ്ടിരിക്കെ കാപ്പിയെത്തി. എന്നോട് മി: ശങ്കരമേനോൻ കാപ്പിയുടെ ഒരു അവതാരികയായി ഇങ്ങിനെ പറഞ്ഞു: "നിങ്ങടെ കാപ്പിയുടേയും ചായയുടേയും കാര്യത്തിൽ കുറെ നിഷ്കർഷയുള്ള ആളാണെന്നറിഞ്ഞിട്ട് ഇത് വൈഫ് തന്നെ മനസ്സിരുത്തി തയാറാക്കി അയച്ച കാപ്പിയാണ്. അഭിപ്രായം പറയണമെന്ന് പ്രത്യേകിച്ചാവശ്യപ്പെട്ടിട്ടുണ്ട്."

ഞാൻ കാപ്പി കുടിച്ചു. അതോടുകൂടി എന്റെ മുഖവും വിളറ്റു. കാപ്പി പെട്ടെന്ന് ഉന്മേഷത്തേയും ജാഗ്രതയേയും ഉണ്ടാക്കുന്ന ഒരു പാനീയമാണെന്ന് പറഞ്ഞ കുഴവേറി ആരായിരുന്നാലും അവൻ പറഞ്ഞത് ശുദ്ധമേ അബദ്ധമാണെന്ന് എനിക്ക് ബോധ്യമായി. ഉന്മേഷവും ജാഗ്രതയും ഉണ്ടാക്കുന്നതിനു പകരം, അതിനെക്കുറിച്ച് അഭിപ്രായം പറയുകയും സത്യവ്രതം പരിപാലിക്കുകയും ഏകകാലത്തിൽ ചെയ്യേണ്ടിവരുമല്ലോ എന്നാലോചിച്ചപ്പോൾ എന്റെ സപ്തനാഡികളും തളർന്ന് ഞാൻ വിഷമിച്ച് വിഷണ്ണനായിപ്പോവുകയാണുണ്ടായത്.

മേനോൻ: എന്താണൊന്നും പറയാത്തത്? കാപ്പി നന്നായിട്ടില്ലെന്നുണ്ടോ?

ഞാനൊരു തടിക്കു തട്ടാത്ത ചിരി ചിരിച്ചു. "അഭിപ്രായം പറഞ്ഞേ കഴിയൂ?"

മേനോൻ: അതെ. മോശമാണെങ്കിൽ അതു പറഞ്ഞാൽ മതി. ശരിയായുള്ള അഭിപ്രായത്തിന്നല്ലേ ചോദിക്കുന്നത്?

ഞാനെന്തു ചെയ്യും? രണ്ടു മൂന്നു സെക്കൻറു നേരം ഞാൻ ഹരിശ്ചന്ദ്രനേയും, ശ്രീരാമനേയും, മഹാത്മാ ഗാന്ധിയേയും മറ്റും കണ്ണടച്ചു ധ്യാനിച്ചു. ഒടുക്കം വരുന്നതു വരട്ടെ, എന്നു കരുതി, ആരുടേയും മുഖത്തു നോക്കാതെ, അഭിപ്രായം പാസ്സാക്കി.

"നിങ്ങടെ അഭിപ്രായം പറയേണമെന്നു് ആവശ്യപ്പെട്ടതുകൊണ്ടു മാത്രം ഞാൻ പറയുകയാണ്. സത്യമല്ലാതെ യാതൊന്നും ഞാൻ പറയുകയില്ലെന്ന് നോമ്പും നോറ്റിട്ടുണ്ട്. സത്യം പറയുകയാണെങ്കിൽ, നമ്പൂതിരി പറഞ്ഞതുപോലെ, കാപ്പിയുടെ കായ്ക്കു കുന്തമാണ്. അതു കാപ്പിയാണെന്നു തന്നെ നിങ്ങടെ പറഞ്ഞതുകൊണ്ട് ഞാൻ വിശ്വസിക്കുകയാണ്. കാപ്പിക്കുരു വറുത്തു് കരിച്ചിരിക്കുന്നു. ഒരെണ്ണച്ചുഴയുമുണ്ട്. പാൽ അതിൽ ചേർന്നിട്ടുണ്ടെന്ന് ഊഹംകൊണ്ടല്ലാതെ സ്വാദുകൊണ്ട് അറിയാൻ കഴിയുകയില്ല. പഞ്ചസാര കണക്കിലധികം വാരിയിട്ട് ആകപ്പാടെ ഓക്കാനം വരുന്ന രീതിയിലാക്കീട്ടുണ്ട്."

കുളിവെയിൽപോലെയുള്ള ഒരു ചിരി മേനോനും പാസ്സാക്കി. ഞാൻ പിന്നെ അവിടെ അധികം നിന്നില്ല.

നിരത്തിലേക്കിറങ്ങി, എപ്പോഴും എവിടെവെച്ചും സത്യം പറയുന്നതിലുള്ള ചില വൈഷമ്യങ്ങളെപ്പറ്റി അഗാധമായി ചിന്തിച്ചുകൊണ്ട് ഞാൻ നൂറു വാര നടന്നിട്ടില്ല, അപ്പോഴേക്കും നമ്മുടെ ഓവർസ്യർ ശേഖരപ്പണിക്കർ "മോർണി

ങ്ങ് വാക്ക്" കഴിഞ്ഞു വീട്ടിലേക്കു മടങ്ങുന്നതാണ് ഞാൻ കണ്ടത്. അദ്ദേഹം എന്നെയും കണ്ടു. എന്നെ വീട്ടിലേക്കു ക്ഷണിച്ചു. ഞാൻ ഒഴിയുവാൻ ശ്രമിച്ചു. "നിങ്ങടം വേറെ എവിടെക്കെങ്കിലും കായ്യാത്ഥം പോവുകയാണോ?" എന്നദ്ദേഹം ചോദിച്ചു. "അതൊന്നുമല്ല" എന്നു സത്യസന്ധനായ ഞാൻ മറുപടി പറയേണ്ടിവന്നു. എന്നാൽ തൽക്കാലം പോയെ കഴിയൂ എന്നദ്ദേഹം നിർബന്ധിച്ചു. ഞാൻ നിശ്ശബ്ദമായി അനുസരിച്ചു. "നിങ്ങളെക്കൊണ്ടു നാന്നായി. നിങ്ങളല്ലെ പാട്ടു കേൾക്കുന്നത് വളരെ ഇഷ്ടമാണെന്ന് പലപ്പോഴും പറയാറുള്ളത്? ആറു മാസമായിട്ട് എന്റെ മകനും സൌദാമിനി പാട്ടു പഠിക്കുന്നുണ്ട്. എനിക്കാണെങ്കിൽ പാട്ടിന്റെ വിവരമൊന്നുമില്ല"—

"എനിക്കും തീരെയില്ലെ"ന്ന് ഞാൻ ഈ ഘട്ടത്തിൽ അല്പം ആവേശത്തോടുകൂടി ഏറുപറഞ്ഞു; അത് അക്ഷരംപ്രതി സത്യവുമായിരുന്നു.

"അതു സാരമില്ല" എന്നു പണിക്കർ എന്നെ ധൈര്യപ്പെടുത്തി(?) "എനിക്ക് ശാസ്ത്രീയമായ ഒരു നിരൂപണമല്ല വേണ്ടത്. അതൊക്കെ നോക്കാൻ പിന്നീട നമുക്ക് ശാസ്ത്രീയവിജ്ഞാനമുള്ള വല്ലവരെയും കൊണ്ടുവരാം. നിങ്ങടംക്ക് ആകപ്പാടെ പിടിച്ചുവോ എന്ന് പറഞ്ഞാൽ മതി. ഒരു സാധാരണനെ രസിപ്പിക്കുവാനുള്ള ശക്തിയല്ലേ സംഗീതത്തിന്റെ പ്രത്യേകമെച്ചം. വാസനയുണ്ടെങ്കിലേ അതു സാധിക്കൂള്ളു. ശാസ്ത്രം പഠിച്ചാലാവുന്ന സാധനമാണ്. വാസനയെപ്പറ്റി ഒരഭിപ്രായമാണ് എനിക്കു വേണ്ടത്" എന്നൊക്കെ അദ്ദേഹം പറഞ്ഞു. രാവിലെ എഴുന്നേൽക്കുമ്പോൾ നേർക്കുനിയായി ചൂലുമെടുത്ത് തെക്കേതിലെ മുറ്റത്തു പ്രത്യക്ഷപ്പെട്ട ആ അസത്തു പെണ്ണിനെ മനസാ ശപിച്ചുകൊണ്ടും, "സത്യം പരിപാലിക്കുന്ന കായ്യത്തിൽ എനിയും ബുദ്ധിമുട്ടുകയും വലിച്ചിടല്ലേ, എന്റെ കൊടുസ്വത്തപ്പാ!" എന്ന് ഉള്ളുഴിഞ്ഞുപ്രാർത്ഥിച്ചുകൊണ്ടും ഞാൻ മിണ്ടാതെ നടന്നു.

ഞങ്ങടം വീട്ടിലെത്തി. കാര്യിയ്ക്ക് പണിക്കരും ക്ഷണിച്ചു. സത്യവ്രതം വിടാത്ത കാലത്തോളം, ദാഹിച്ചും വിശന്നും മരിച്ചുപോകുമെന്നുള്ള ഘട്ടത്തിൽക്കൂടി, മറ്റൊരു വീട്ടിൽവെച്ച് ഒരിറക്ക് പച്ചവെള്ളം കൂടി കുടിക്കുകയില്ലെന്ന് ഇഞ്ചിനിയർ മേനോന്റെ വീട്ടിൽനിന്നിറങ്ങിയശേഷം ഒരുപ്രാവശ്യം പ്രതിജ്ഞചെയ്ത കഴിഞ്ഞിരുന്ന ഞാൻ എനിക്കൊന്നും വേണ്ടെന്ന് മരണപ്പിടുത്തം പിടിച്ചു. ചായയേയും കാപ്പിയേയും സംബന്ധിച്ചുള്ള എന്റെ അലംഭാവമില്ലായ്മയെ മനസ്സിലാക്കിയിരുന്ന പണിക്കരെ ഈ സംഗതി അത്ഭുതപ്പെടുത്താതിരുന്നില്ല. ഒടുക്കം അദ്ദേഹം തനിച്ചു കാപ്പി കഴിച്ചു.

അതു കഴിഞ്ഞ് അദ്ദേഹം "സൌദാമിനീ!" എന്നു വിളിച്ചു. ബാല്യത്തിന്റെ അലക്ഷ്യതയും യൌവനത്തിന്റെ ലജ്ജയും തമ്മിൽ വളരെ സകായ്യമായ ഒരു കശപിശ നടത്തിക്കൊണ്ടിരുന്ന കണ്ണുകളോടുകൂടി ഒരു പാവാടക്കാരി ഹാജരായി. പണിക്കർ ഇങ്ങിനെ പറഞ്ഞു: "ഇദ്ദേഹം നിന്റെ പാട്ടു കേട്ടിട്ടില്ലെന്നാണ് പറയുന്നത്. ഒന്നു പാടൂ!" ശ്രീമതി സൌദാമിനി പതിമൂന്നു വമ്പിച്ച ഒഴികഴിവുകളും വഴിക്കുവഴിയായി ഹാജരാക്കിയെങ്കിലും, അവയൊക്കെ തള്ളപ്പെടുകയാണുണ്ടായത്. അവസാനം, "എന്തൊരു ദ്രോഹമാണ്!" എന്ന ഭാവത്തോടുകൂടി അവൾ അകത്തുപോയി ഹാർമോണിയം എടുത്തു കൊണ്ടുവന്ന് പാടുവാൻ തുടങ്ങി. ഗ്രഡ്സ് വണ്ടി ബ്രെയ്ക്കിട്ടു നിൽക്കുമ്പോൾ വണ്ടികളുടെ അടിയിൽ നിന്ന് സാധാരണ കേൾക്കാറുള്ള ശബ്ദവിശേഷങ്ങളിൽ ഒന്നിനോടാണ് ശ്രീമതി സൌദാമിനിയുടെ ശാരീരത്തിന്ന് സാദൃശ്യമുള്ളത്. എനിക്ക് സംഗീതത്തിൽ വിജ്ഞാനം നന്നെ കുറയുമെങ്കിലും, പാടിയെടത്തോളമൊക്കെ സ്വരവും താളവും പിഴച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുവാൻ ആ അല്പജ്ഞതയുള്ളുകൂടി കഴിഞ്ഞിരുന്നു.

ഞാനെന്റെ യോഗത്തെപ്പറ്റി ആലോചിച്ചു. "സഹജഗ്രഹണ" റിക്കാർഡിലെ ഉടുപ്പി ലക്ഷ്മീരായിയുടെ കുയിൽനാദത്തിനു പോലും കിടനിൽക്കുന്ന ശാരീരത്തോടുകൂടി പാടുവാൻ കഴിയുന്ന പാട്ടുകാരികളെ ഞാൻ നേരിട്ടറിയും. ഈ സത്യവ്രതം അംഗീകരിച്ച ദിവസം അവരിലാരുടെയെങ്കിലും പാട്ടാണ് കേട്ടിരുന്നതെങ്കിൽ, "ഒന്നാന്തരമായിട്ടുണ്ട്!" എന്ന് എത്ര മനസ്സമാധാനത്തോടും, കൃതാർത്ഥതയോടുംകൂടി പറയാമായിരുന്നു! "പാട്ടവസാനിച്ചാൽ ഇതിനെപ്പറ്റി അഭിപ്രായം പറയേണ്ടിവരുമല്ലോ, ഭഗവാനേ!" എന്നോർത്തുകൊണ്ട് ഞാൻ മരപ്പാവയെപ്പോലെ നിശ്ചേഷ്ടനായി ഇരുന്നു.

പാട്ട കഴിഞ്ഞു. പണിക്കർ അഭിപ്രായത്തിനു നിർബന്ധിച്ചു. "പഠിക്കുന്നല്ലേയുള്ളൂ? ഇപ്പോഴേ എന്തഭിപ്രായം പറയുവാനാണ്? എനിയും പഠിക്കട്ടെ!" എന്നു ഞാൻ പറഞ്ഞു. "ആകപ്പാടെ മോശമല്ല" എന്നുകൂടി സമഗ്രമായി പറഞ്ഞു് ശ ല്യത്തിൽ നിന്നൊഴിയുവാൻ ഒരാഗ്രഹം പെട്ടെ ന്നെന്റെ മനസ്സിൽ ഉദിച്ചുയർന്നുവെങ്കിലും സ ത്യവ്രതത്തിന്റെ ഓമ്മ അതിനെ അടിച്ചമർത്തി.

ഏതായാലും പണിക്കർ എന്നെ അങ്ങിനെ വിടാൻ തീച്ചപ്പെട്ടതായിട്ടില്ല. "ആട്ടെ; കേട്ടേടത്തോളം നിങ്ങളുടെ അഭിപ്രായം പറയിൻ. വാസനയുണ്ടെന്നു തോന്നുന്നുണ്ടോ? അതാണെനിക്കറിയേണ്ടതു്. അതുണ്ടെങ്കിലല്ലേ പഠിപ്പിക്കേണ്ടൂ? വെറുതേ ആ ഭാഗവതക്കു് മാസത്തിൽ പത്തുറുപ്പിക കൊടുത്തിട്ടു് കായ്മില്ലല്ലോ."

ഞാൻ ഈ ഘട്ടത്തിലും വ്രതഭംഗമില്ലാതെ ഒഴിയുവാൻ ഒരു ശ്രമം ചെയ്തു: "വാസനയുടെ കായ്മം ഞാനെങ്ങിനെ തീച്ചപ്പെടുത്തിപ്പറയാനാണു്?"

"ഹെയ്, ഇതെന്തൊരു വൈഷമ്യമാണു്! നിങ്ങളുടെ മനസ്സിൽ തോന്നിയതു് പറയിൻ, ഹേ! തെറ്റാണെങ്കിൽ തെറ്റായിക്കോട്ടെ. ഇതു് ഭാഗവതർമാരുടെ കോൺഫറൻസുമല്ലല്ലോ" എന്നായിരുന്നു പണിക്കരുടെ മറുപടി.

ശരി; പണിക്കരുടെ സിദ്ധാന്തം അതാണെങ്കിൽ ദൈവം തന്നെ പണിക്കരെ രക്ഷിക്കട്ടെ! എനിക്കു തോന്നിയതു ഞാൻ പറഞ്ഞു. ശ്രീമതി സൌദാമിനിയെ പുറത്തേക്കയക്കുമ്പോഴും പ്രകൃതിയുടെ ഉദ്ദേശ്യം എന്തുതന്നെ ആയിരുന്നാലും, അവളെ ലോകത്തിലെ പാട്ടുകാരികളുടെ സംഘത്തിൽ ചേക്കണമെന്നുള്ളതായിരിക്കുവാൻ ഇടയില്ലെന്നു് ഞാൻ പറഞ്ഞു. ഭാഗവതരെ വെച്ചു പാട്ട പഠിപ്പിക്കുന്നതിനു പകരം ഒരു നല്ല കണക്കുമാസ്റ്ററെവെച്ചു കണക്കു് പഠിപ്പിക്കുന്നതായാൽ ഒരു പ്രായോഗികശാസ്ത്രമെങ്കിലും പഠിച്ചുവെന്നുള്ള കൃതാർത്ഥതയുണ്ടാകുമെന്നും ഞാൻ പറഞ്ഞു.

പണിക്കരുടെ മുഖം പ്രത്യക്ഷമായി വാടി. സത്യത്തിന്റെ മുഖത്തു് നേരിട്ടു നോക്കാൻ ധൈര്യപ്പെടുന്നവർ സത്യാരാധകന്മാരാണെന്നു നടിക്കുന്നവരുടെ ഇടയിൽ എത്രപേരുണ്ടെന്നു് ഒരു കണക്കെടുക്കുന്നതു് രസാവഹമായിരിക്കും.

അദ്ദേഹം ചോദിച്ചു: "ആകപ്പാടെ നിങ്ങൾക്കു് മഹാ ബോറായിപ്പോയി; ഇല്ലേ?"

ആ ചോദ്യം പണിക്കർ ചോദിക്കേണ്ടിയിരുന്നില്ല. സത്യനിഗ്രഹേതുവായി ശാപം മുട്ടിത്തുടങ്ങിയ എനോടു് അതിലും നിർദയമായ ഒരു ചോദ്യം ചോദിപ്പാനുണ്ടായിരുന്നില്ല. ഏതായാലും ഇതുവരെ എത്തിയ സ്ഥിതിക്കു് എനി ഇവിടെയാണോ അധൈര്യം കാണിക്കേണ്ടതെന്നു കരുതി, "അതെ. മഹാ ബോറായിപ്പോയി. ഇങ്ങിനെയൊരു ബോർ ഞാൻ ഈയെടെയൊന്നും അനുഭവിച്ചിട്ടില്ല." എന്നു് ഞാൻ മറുപടിയും പറഞ്ഞു.

III

പണിക്കരുടെ വീട്ടിൽനിന്നിറങ്ങി ഇടവും വലവും നോക്കാതെ നേരെ ഞാൻ എന്റെ വീട്ടിലെത്തി വാതിലടച്ചു് കിടക്കുകയാണുണ്ടായതു്. ഇന്നലെ ബാക്കി ദിവസം മുഴുവൻ ഞാൻ അങ്ങിനെ കഴിച്ചുകൂട്ടി. സത്യത്തെപ്പറ്റി ആ ഏകാന്തതയിൽ ഞാൻ ചില പ്രായോഗികതത്ത്വങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. സത്യം നല്ലതുതന്നെ; സത്യം വേണ്ടതുതന്നെ; പക്ഷെ ഏതുകാലത്തും, ഏതു വിഷയത്തെപ്പറ്റിയും, എല്ലാവരോടും സത്യം പറയുമെന്നും, സത്യംമുഴുവൻ പറഞ്ഞേ അടങ്ങുകയുള്ളൂ എന്നും, കളവു യാതൊന്നും പറയുകയില്ലെന്നും തീച്ചപ്പെടുത്തുന്ന മനുഷ്യൻ അതോടുകൂടി വാനപ്രസ്ഥാശ്രമം സ്വീകരിക്കേണ്ടിവരും. നാട്ടിൽ അയാൾക്കു് ഇരുന്നു പൊറുക്കുവാൻ കഴിയുന്ന കായ്മം സന്നിഗ്ധാവസ്ഥയിലാണു്. തീച്ചു. ഇന്നലെത്തുടങ്ങിയ എന്റെ വ്രതം ഇന്നലെത്തന്നെ അവസാനിപ്പിക്കുവാൻ ഞാൻ ഒടുവിൽ തീച്ചപ്പെടുത്തി, രാത്രി ഉറങ്ങുവാൻ പോകുന്നതിനു മുമ്പു് ഗോപാലനെ വിളിച്ചു്, "നാളെ പുലച്ചെ ആ ഇൻഷ്വറൻസ് ഏജണ്ടു് കേശവപിള്ള ഇവിടെ വരും. വന്നാൽ ഞാനിവിടെ ഇല്ലെന്നും എപ്പോഴാണു് തിരിച്ചെത്തുക എന്നറിയുകയില്ലെന്നും പറഞ്ഞേക്കണം. കേട്ടോ?" എന്നു് അവനോടു് ആജ്ഞാപിച്ചു. ഏകാദശി നോമ്പുകാർ പാരണയോടുകൂടി തങ്ങളുടെ വ്രതമവസാനിപ്പിക്കുന്നതുപോലെ, ഈ പ്രായോഗികമായ കളവോടുകൂടി ഞാനും എന്റെ വ്രതം അവസാനിപ്പിച്ചു. ഇഞ്ചിനിയർ മേനോന്റെയും ഓവർസ്യർ പണിക്കരുടെയും മുഷിച്ചൽ സമ്പാദിച്ചതു മാത്രം സത്യവ്രതംകൊണ്ടുള്ള നേട്ടങ്ങളുടെ പട്ടികയിൽ പെട്ടിട്ടുണ്ടു്.

ഞങ്ങൾക്കു



രോന്നതന്ത്.

എനിയെങ്കിലും ഗവമ്മേണ്ട് ഉണരുമോ?

പ്രയാസമാണ്. അതു ഞങ്ങടം വളരെ, വളരെ വ്യസനത്തോടുകൂടയാണ് പറയുന്നതും. ആരെങ്കിലും എന്തെങ്കിലും ഒരു പുതിയ മാർഗ്ഗം നിർദ്ദേശിച്ചാൽ ഗവമ്മേണ്ടിന്ന്—പ്രത്യേകിച്ച് നമ്മുടെ ഗവർമ്മേണ്ടിന്ന്—ശങ്ക ഉടങ്ങി. അതിന്റെ ന്യായാന്യായങ്ങടം ആലോചിച്ചിട്ടല്ല, അതൊരു പുതിയ വഴിയായതുകൊണ്ടു മാത്രം.

ഗവർമേണ്ടേ, ശങ്ക പാടില്ല. "സംശയാത്മാ വിനശ്യതി" എന്നാണ് പ്രമാണം. ഞങ്ങടം പറയുന്നത് ആലോചിക്കാതെ കണ്ണടച്ച് വിശ്വസിച്ച് അതിലെ നടന്നുകൊള്ളണമെന്ന്, ചില മതപുരോഹിതന്മാരെപ്പോലെ ഞങ്ങടം ഒരിക്കലും പറയുകയില്ല.

"വിമൃശ്യൈതദശേഷേണ
യഥേച്ഛസി, തഥാ കുരു!"

ഒരു തരിപോലും ബാക്കിവെക്കാതെ ഇതു മുഴുവൻ വിമർശിച്ചു നോക്കിയതിന്നു ശേഷം, തനിക്ക് ഇഷ്ടം എങ്ങിനെയോ അതുപോലെ ചെയ്യുക! എന്ന് യുക്തിവാദികടം കൂടി കുറച്ചെട്ടത്താത്ത ഒരു അപേക്ഷ മാത്രമെ ഞങ്ങടം ചെയ്യുന്നുള്ളു.

ഗവമ്മേണ്ടിന്ന് പണത്തിന്ന് തിട്ടക്കമുണ്ട്. അത് രഹസ്യമായ കാര്യമല്ല, പരസ്യമായ കാര്യമാണ്. വിദ്യാഭ്യാസം മതിയാകുവോളം പ്രചരിക്കുന്നില്ല; തൊഴിലില്ലായ്മയും പട്ടിണിയും വർദ്ധിക്കുന്നു; കൃഷിക്കാരെ സഹായിക്കുവാൻ എനിയും പല പല ഏർപ്പാടുകളും ചെയ്യുവാനുണ്ട്; ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന്റെ കാര്യം കുന്തമല്ല, കുന്തത്തിന്മേൽ കുന്തമാണ്.

തോട്ടകടം വേണം, റോഡുകടം വേണം,
കാട്ടകടം നാടായ് മാറീടേണം,
വിദ്യാഭ്യാസം പൊടി പാറേറണം,
വൈദ്യുതശക്തിസഹായം വേണം,
ആസ്പത്രികളിങ്ങനവധി വേണം,
പേപ്പട്ടികളെക്കാച്ചീടേണം,
പ്ലേഗു, വസൂരി, വിഷൂചിക മുതലാം
രോഗങ്ങളെ നിഷ്കാസിക്കേണം,
കാസശ്വാസം പിടിപെട്ടോക്കാ—
ശ്വാസത്തിന്നൊരു വഴി കാണേണം,
കുഷ്ഠാമയമാ വൈദ്യന്മാരുടെ—
യേട്ടിലൊഴിച്ചിഹ കാണരുതാരും,
മൂളിച്ചെന്ന് കടിച്ചുവരഖിലം
മൂടിപ്പുതയും, വിറയും, പനിയും
മുത്തു കുഴങ്ങി നശിയ്ക്കുണമെന്നായ്
മുത്ത മുതുക്കൻ നാനുഖനോടൊരു
വരവും വാങ്ങിഭരയിതിലെങ്ങും
നരഹത്യയ്ക്കൊരു തരവും നോക്കി
വരവു തുടങ്ങും കൊതുസൈന്യത്തെ
ക്കരുണയൊഴിഞ്ഞു കശാപ്പാക്കേണം;
കവിതപ്പെണ്ണു കിടന്നു പൊറുപ്പാൻ
യുവകവികടക്കൊരു തൊഴിൽ നൽകേണം,

മറവു പരിഷ്കാരങ്ങളുമുണ്ടവ
തെറ്റൊന്നൊക്കെപ്പറവാൻ വിഷമം.

ജനങ്ങളുടെ ഇത്തരത്തിലുള്ള മുറവിളികളും കേട്ടു പൊറുതിമുട്ടുമ്പോൾ ഗവർമ്മേണ്ടു്, ചെവിയിൽ വിരൽ തിരുകി, നികുതി വർദ്ധിപ്പിക്കുന്നു. അപ്പോൾ അതിലും വലിയ ആവലാതിയാകുന്നു.

ഈ രണ്ടാവലാതികളുടെ ഇടയിൽ ഗവർമേണ്ടു കുഴങ്ങുന്നതു കണ്ടപ്പോൾ ഞങ്ങളുടെ അപാരമായ അനുകമ്പാബുദ്ധിയിൽ വേലിയേറ്റവും വെള്ളപ്പൊക്കവുമുണ്ടായി. മേപ്പടി അബുദ്ധിയിലെ തരംഗങ്ങളാൽ ഞങ്ങളുടെ തലച്ചോറിലടിച്ചുകയറി അവിടെയെങ്ങാനുള്ള ഒരു ഗവേഷണക്കരിംപാറയിൽനിന്നു് മധുരമായ പ്രതിധ്വനിയുണ്ടാക്കി. ആ പ്രതിധ്വനിയത്രേ ഇത്.

നികുതി കൊടുക്കുന്നതിലുള്ള ജനങ്ങളുടെ കഴിവില്ലായ്മയെ ഭേദ്യംചെയ്യാതെ അവരുടെ പരിഷ്കരണേച്ഛ സാധിപ്പിക്കണമെങ്കിൽ ഗവർമേണ്ടു് പണമുണ്ടാക്കുവാൻ വേറെ വഴി അന്വേഷിക്കണം.


"എന്തു വഴി? തനിക്കു് ഭ്രാന്തുണ്ടോ? ഞങ്ങളാരും നോക്കാത്ത വഴിയുണ്ടോ? ഞങ്ങളെക്കാളും ബുദ്ധിമാനെന്നു് നടിപ്പാൻ താനാരാണു്?" എന്നൊക്കെ ഗവർമേണ്ടു് ഈ ഘട്ടത്തിൽ ചോദിക്കുവാനിടയുള്ളതാണു്.

ഗവർമേണ്ടു് അങ്ങിനെ വിചാരിക്കരുതു്. മഹാബുദ്ധിമാന്മാർ കാണാത്ത ചില സൂത്രം മഹാബുദ്ധിമാന്മാരല്ലാത്തവർകൂടി ചിലപ്പോൾ കണ്ടെത്തിയെന്നു വന്നേക്കും. അതുകൊണ്ടു്, പണമുണ്ടാക്കുവാൻ എന്നു മാത്രമല്ല, പണം വേണ്ടുന്നിടത്തോളം ഉണ്ടാക്കുവാൻ, പ്രായോഗികവും, നിഷ്പ്രയാസേന പ്രാപ്യവുമായ ഒരു പദ്ധതി ഞങ്ങളും കണ്ടുപിടിച്ചിരിക്കുന്നു എന്നു പറയുമ്പോൾ ഗവർമേണ്ടു് പുച്ഛത്തോടുകൂടി മുഖം തിരിക്കരുതു്; ദയചെയ്തു കേൾക്കണം. ഇതു് പ്രായോഗികമല്ലെന്നും, ഇതുകൊണ്ടു് ഗവർമേണ്ടു ഖജനാകും നിറഞ്ഞു വഴിഞ്ഞൊഴുകുകയില്ലെന്നും, "യസ്യ ജ്ഞാനദയാസിന്ധോഃ" എന്നാടിയായ ശ്ലോകം അമരകോശത്തിലെ ആദ്യപദ്യമല്ലെന്നും തെളിയിക്കുന്നവർക്കു് ഒരു ലക്ഷം ഉറുപ്പിക ഞങ്ങളും ഇനാമായി, കഴിയുന്ന കാലത്തു്, കൊടുക്കുമെന്നു് ഇതിനാൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പോരെ? എനി നിങ്ങൾക്കെന്തുവേണം?

പരസ്യക്കുലി! അതാണു് ഞങ്ങളും ഗവർമേണ്ടിനു നിർദ്ദേശിക്കുന്ന പുതിയ പദ്ധതി. ആവശ്യപ്പെടുന്നതു പണം ആവലാതിയില്ലാതെ സന്തോഷം കൊടുത്തു് തങ്ങളുംകൂടി ആദായം എന്ന ഉറപ്പോടുകൂടി പരസ്യത്തിനു വേണ്ടി ഏതു പരസ്യക്കാരനും സ്വീകരിക്കാൻ എന്നും തയാറുള്ള അനേകായിരം—പോര, അനേകലക്ഷം—ഏക്കർ സ്ഥലം ഗവർമേണ്ടിന്റെ അധീനത്തിലുണ്ടു്. "ഞങ്ങിനെ ഒരു വ്യവസായം നടത്തി പണമുണ്ടാക്കുന്ന പതിവു് വർത്തമാനക്കടലാസ്സുകാർക്കേ പറ്റൂ; ഞങ്ങളുടെ അന്തസ്സിനും; തറവാടിത്തത്തിനും അതു യോജിക്കുകയില്ല" എന്നും ഗവർമേണ്ടിനു പറഞ്ഞുകൂടാ. അവരുടെ അധീനത്തിലുള്ള സ്ഥലങ്ങൾ അവർ പരസ്യക്കാരോടു് കൂലിവാങ്ങി വിട്ടുകൊടുക്കുന്നുണ്ടു്. പല പല ഗവർമേണ്ടുപ്രസിദ്ധീകരണങ്ങളിലും പരസ്യങ്ങളുണ്ടു്.

പക്ഷെ ഈ വഴിയിൽകൂടി ഗവർമേണ്ടിന്റെ ഭാവനാമതിയാകുവോളം പാഞ്ഞിട്ടില്ലെന്നാണു് ഞങ്ങളുടെ ആവലാതി. നി. നി. സഭാമന്ദിരം, ഹൈക്കോടതി, സിക്രട്ടേറിയറ്റു് മുതലായവയുടെ ചുമരുകളുടെ പുറമതിലുകൾ, പുറത്തെ ചുമരുകൾ ഇവ എന്തുകൊണ്ടു് പരസ്യക്കാർക്കു് കൂലിക്കു കൊടുത്തുകൂടാ? എന്നു ഞങ്ങൾ ചോദിക്കുന്നു. പരസ്യങ്ങൾ എഴുതുകയോ ചിത്രങ്ങൾ പതിക്കുകയോ ചെയ്യുന്നതു് വൃത്തിയിലും ഭംഗിയിലും ആയിരിക്കണമെന്നു് ഒരു നിയമം പാസ്സാക്കണം. അങ്ങിനെ ചെയ്താൽ പ്രസ്തുത എടുപ്പുകൾക്കു് അതൊരലങ്കാരമായി; ഒരു കടലാസ്സോ, രണ്ടര പൈസയോ വാങ്ങുവാൻ നോമ്പു നോറ്റു പട്ടിണിയിട്ടു് മേപ്പടി ആപ്പീസുകളുടെ വരാന്തകളിൽ ക്ലാർക്കുമാരുടെ ശകാരവും ശിപായിമാരുടെ ഭീഷണിയും സഹിച്ചു് കാത്തുകിടക്കുന്ന അനേകലക്ഷം ജനങ്ങൾക്കു് നേരം പോകുവാൻ ഒരു വഴിയായി. ഗവർമ്മെണ്ടിനുള്ള വരവോ? സീമാതീതം! പതിനായിരം ആളുകൾ വായിക്കുന്ന ഒരു ദിനപത്രത്തിന്റെ മുഴുവൻ പേജിന്നു് ഒരു തവണയ്ക്കു് അഞ്ഞൂറും ആയിരവും ഉറുപ്പിക എണ്ണിയിട്ടു കൊടുക്കുന്ന കുബേരക്കമ്പനികൾ, ഹൈക്കോടതിയുടെ പുറം ചുമരിന്മേൽ ഒരു ചതുരശ്രവാര സ്ഥലത്തിന്നു് എത്രതന്നെ കൊടുക്കുകയില്ല? അതിന്റെ പബ്ലിസിറ്റി വാല്യൂ (പ്രസിദ്ധീകരണവില) കണക്കാക്കിയവരുണ്ടോ?

സഞ്ജയൻ. പു: I. ലക്കം: 6.



ഖജാന നിറയുവാൻ എളുപ്പവഴി.

ഇത്തരം വരവിന്നുള്ള മറെറാരു പ്രധാനമാർഗം പോലീസ്സുകാരാണ്. അതെ; പോലീസ്സുകാർ. ഈയെടെ ഒരു ദിവസം വൈകുന്നേരം ഞങ്ങടെ ആപ്പീസു വിട്ട് വീട്ടിലേക്ക് പോകുംവഴിയിൽ നിരത്തിന്മേൽ വാഹനാഗതാഗതം നിയന്ത്രിക്കുന്ന ആറടിയിൽപ്പരം ഉയരമുള്ള ഭീമകായനായ ഒരു പോലീസ്സുകാരന്റെ അടുത്ത് സിനിമാനോട്ടീസ്സെഴുതിയ രണ്ട് തുണിക്കഷണങ്ങടെ ചട്ടയിലാക്കി കവചംപോലെ ധരിച്ച ഒരു ചെക്കൻ നിൽക്കുന്നതു കണ്ടു. ഞങ്ങളുടെ തലച്ചോറിൽ ചിരകാലമായി കുടികൊണ്ടിരുന്ന നികൃഷ്ടഗവേഷണബീജത്തിന്ന് ഈ കാഴ്ച പെട്ടെന്ന വളവും, വെള്ളവും, വെയിലുമായി പരിണമിച്ചു. പോലീസ്സുകാരൻ ഞങ്ങടെക്ക് പുറം തിരിച്ചാണ് നിന്നിരുന്നത്. തവിട്ടുനിറത്തിൽ സംഗതിപോലെ നിഷ്പ്രയോജനമായി പരന്നുകിടക്കുന്ന ആ പുറം ഞങ്ങളുടെ തീവ്രമായ ശ്രദ്ധയെ ഹഠാദാകർഷിച്ചു. ഈ നോട്ടീസിനെ ആ പുറത്ത് ഞങ്ങടെ (ഭാവനയിൽ) പതിപ്പിച്ചു. എന്തുകൊണ്ടായിക്കൂടാ?.....

ഇന്ത്യയിൽ എത്ര ആയിരം പോലീസ്സുകാർ ഈ സ്ഥലമൊക്കെ വൃഥാവ്യയം ചെയ്തുകൊണ്ട് നിരത്തുകളിൽ നിൽക്കുന്നു! നിരത്തിന്മേൽ നടക്കുന്നവരെല്ലാം—വാഹനങ്ങളിലുള്ളവർ ചിലപ്പോഴും രണ്ടും മൂന്നും മിനിട്ടുനേരം ഒന്നായി—സശ്രദ്ധം നോക്കിനിൽക്കുവാനിടയുള്ള ഈ സ്ഥലത്തിന്ന് ഒരു ചതുരശ്രഅംഗുലത്തിന്ന് ഒരു പവൻ കൊടുക്കണമെന്നാവശ്യപ്പെട്ടാൽകൂടി നമ്മുടെ മോട്ടോർകാർ കമ്പനിക്കാരും, ജനനനിയന്ത്രണോപകരണക്കാരും, സർവരോഗവിനാശിനി ഗുളികക്കാരും, തൈയംബകരുദ്രാക്ഷക്കാരും, ഇൻഷൂറൻസ് സൊസൈററിക്കാരും, സിഗരറ്റ് ഫാക്ടറിക്കാരും, വാദത്തിന്നു നിൽക്കാതെ, നിർദാക്ഷിണ്യം വലിച്ചെറിഞ്ഞു കൊടുക്കുകയില്ലേ?.....

എന്തിന്നു പോലീസ്സുകാരെ മാത്രമാക്കുന്നു? ഇത്തരം പരസ്യങ്ങടെക്ക് ശിപായിമാരെയും, ക്ലാർക്കുമാരെയും, ഗസററിൽ പേരുള്ള ഉദ്യോഗസ്ഥന്മാരെക്കൂടിയും ഉപയോഗിക്കാം. ശിപായിമാരുടെ പട്ടകളിന്മേൽ "എപ്പോഴും ഹനുമാൻ പെരുങ്കായം ഉപയോഗിക്കുക!"; "സ്ത്രീകളുടെ ഉത്തമ സഹായി ഡോക്ടർ റാഞ്ചിയുടെ 'അബലാമൃത'മാകുന്നു!"; "തലച്ചോറിന്നു തളർച്ച പററിയവർ ഞങ്ങളുടെ 'ഉഷാർ' ഗുളികകളാണ് സേവിക്കേണ്ടത്. ഫലമില്ലെങ്കിൽ പണം തിരികെ!" മുതലായ പരസ്യങ്ങടെ എഴുതിക്കൂടേ? എത്ര, എത്ര ആയിരം ഉറുപ്പിക ആ വഴിക്ക് പിരിയും!

കോട്ടകളുടെ മുൻവശത്ത് ചിലർ തങ്ങളുടെ കോളെജുകളുടെയും, ക്ലബ്ബുകളുടെയും മുദ്രാവാക്യങ്ങടെ പട്ടന്മൂലിൽ തുന്നിപ്പിടിപ്പിക്കുന്ന സമ്പ്രദായമാണ് ഉയന്ന ഉദ്യോഗസ്ഥന്മാക്ക് പററിയത്. "പായം തേച്ചാലേ! വീട്ടിന്ന് എന്തു ഭംഗിയാണ്! എന്തുറപ്പാണ്!" എന്ന വാക്യങ്ങളും, ബ്രഷ് കൈയിലേന്തി നിൽക്കുന്ന ഒരു സായിപ്പിന്റെ ചിത്രവും വിവിധവർണ്ണങ്ങളിലുള്ള പട്ടന്മൂലുകളിൽ സെയ്ത് ജഡ്ജിയുടെ കോട്ടിന്മേൽ പിടിപ്പിച്ചാൽ അദ്ദേഹത്തിന്റെ ഗൌരവത്തിന്ന് വല്ല ഹാനിയും തട്ടുമെന്ന് ഞങ്ങടെ വിചാരിക്കുന്നില്ല. എന്തായാലും ജഡ്ജിമാർ കഴുത്തിൽ കെട്ടിത്തൂക്കണമെന്ന് ഗവർമ്മെണ്ട് വിധിച്ചിട്ടുള്ള ശീലക്കഷണത്തെക്കാൾ ഭംഗിയുള്ള ഒരലങ്കാരമായിരിക്കും ഇത്തരം പരസ്യങ്ങളെന്നതിനെക്കുറിച്ച് ഞങ്ങടെക്ക് സന്ദേഹലേശമില്ല. ഹൈക്കോടതി ജഡ്ജിമാരുടെ കോട്ടിന്മേൽ ഒരു കൈപ്പടത്തോളം സ്ഥലത്തിന്ന് ഒരു കൊല്ലത്തിൽ കിട്ടുന്ന പണംകൊണ്ട് ഒരാസ്പത്രിതന്നെ സ്ഥാപിച്ചു

നടത്താമെന്നു പറയുന്നതിൽ അതിശയോക്തിയുമില്ല.

ഗവർമ്മേണ്ട് ഈവക കാര്യങ്ങളെക്കുറിച്ച് അവധാനപൂർവ്വം ആലോചിക്കേണമെന്നു ഞങ്ങൾ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. കൃഷിക്കാരെ ഗവർമ്മേണ്ട് വിട്ടേക്കണം. ശാപ്പാടിനുകൂടി ഗതിയില്ലാതെ ഉഴലുന്ന ആ പാവങ്ങളെ എവിടെനിന്ന് നികുതി കൊടുപ്പാനാണ്? അവരെ ദ്രോഹിക്കാതെ ലോകത്തിലേക്ക് വെച്ച് ഏറ്റവും ധനശക്തിയുള്ള ഒരു ഗവർമ്മേണ്ടായിത്തീരുവാനുള്ള സിദ്ധോപദേശമാണ് ഞങ്ങൾ നമ്മുടെ ഗവർമ്മേണ്ടിനു നൽകുന്നത്.

"നേഹാഭിക്രമനാശോസ്തി
പ്രത്യവായോ ന വിദ്യതേ
സ്വല്പമപ്യസ്യ ധർമ്മസ്യ
ത്രായതേ മഹതോ ഭയാത്!"

എന്ന് ഈ പദ്ധതിയെക്കുറിച്ചു തികച്ചും പറയാം.

ഇതിൽ അഭിമാനക്ഷതി പറയുന്ന യാതൊരേർപ്പാടുമില്ലെന്നും ഗവർമ്മേണ്ട് മനസ്സിലാക്കണം. മോൺടി കാർലോവിലെ ചൂതുകളിയിൽ നിന്നുള്ള ആദായമാണ് മോണേക്കോ രാജ്യത്തിലെ നികുതിവരവെന്ന വസ്തുത ഗവർമ്മേണ്ട് നല്ലപോലെ അറിയുമല്ലോ. മറ്റു ചില ഗവർമ്മേണ്ടുകളും ഹോട്ടലുകളും ചായക്കുപ്പുകളും നടത്തുന്നുണ്ട്. കള്ളിൽനിന്നും, കഞ്ചാവിൽനിന്നും പണമുണ്ടാക്കുന്നത് ലോകത്തിലെ ഒരു ഗവർമ്മേണ്ടും അപമാനകരമായിക്കരുതുന്നില്ല ചില രാജ്യങ്ങളിൽ തേവിടിപ്പുരകൾ നികുതി കൊടുത്ത് പുലർത്തുകയും, രാഷ്ട്രത്തെ പുലർത്തുവാൻ സഹായിക്കുകയും ചെയ്യുന്നുണ്ടത്രെ. പരസ്ത്രീക്കാരുടെ കയ്യിൽനിന്നു പണംവാങ്ങുന്നത് നമ്മുടെ ഗവർമ്മേണ്ടിന്റെ ചരിത്രത്തിൽ പുത്തനായ ഒരേർപ്പാടായില്ലെന്ന് ഞങ്ങൾ മുൻപ് നിർദ്ദേശിക്കുകയും ചെയ്ത കഴിഞ്ഞു.

ഈ പദ്ധതിയെ ഇതിലുമധികം പുകഴ്ത്തണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷെ വിനയം—വെറും വെള്ളം കൂട്ടാത്ത വിനയം—ഞങ്ങളെ സമ്മതിക്കാത്തതാണ്.

"വിമൃശ്യൈതദശേഷേണ
യഥേച്ഛസി, തഥാ കുരു!"

എന്നു മാത്രം ഗവർമ്മേണ്ടിനോട് ഞങ്ങൾ ഒന്നുകൂടി വിനയാനതന്മാരായി അപേക്ഷിയ്ക്കുന്നു.

••••••••••••••••

യൂറോപ്പിലെ സ്ഥിതി.

യൂറോപ്പിലെ സ്ഥിതിയൊക്കെ എങ്ങിനെയിരിക്കുന്നു? എന്ന ഗംഭീരപ്രശ്നത്തോട് ഏറ്റവുമടുത്തെ നിരത്തിന്മേലിറങ്ങി ഒരു ഡസൻ വാരപോലും നടക്കുവാൻ കഴിയാതായിത്തീർന്നിരിക്കുന്നു. ശ്വാസഗതിക്കുടി മാറിത്തുടങ്ങിയ രോഗിയുടെ സ്ഥിതി അന്വേഷിക്കുമ്പോഴുള്ള ഉത്കണ്ഠയോടുകൂടിയാണ് ആളുകൾ ഈ പ്രശ്നം ചോദിക്കുന്നത്.

അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. യൂറോപ്പിനു രോഗം തന്നെയാണ്: മഹാരോഗം; മേഹരോഗം. ഒന്നര വ്യാഴവട്ടക്കാലത്തോളം ദേഹത്തിൽ അനുനിമിഷം ഉർമേദസ്സ് വർദ്ധിച്ചു, വർദ്ധിച്ച് അവിടവിടെയായി കുരു പുറപ്പെട്ടു തുടങ്ങിയിരിക്കുന്നു.

"എന്തായാലും യുദ്ധമുണ്ടാവുകയില്ല" എന്നു സമാധാനിച്ചിരിക്കുന്ന ചില ശുഭപ്രതീക്ഷകന്മാരുണ്ട്. അവരെപ്പോലെ ഇതു വിവരം കുറഞ്ഞ ഒരു കൂട്ടക്കാരെ ഞങ്ങൾ കണ്ടിട്ടില്ല. ഭഗവാൻ തന്നെ നിഷ്ഫലമായിത്തീർന്നതിനുശേഷം എന്തായാലും ഭാരതയുദ്ധം നടക്കുകയില്ലെന്ന് ആരെങ്കിലും സാക്ഷാൽ സഞ്ജയനോട് പറഞ്ഞിരുന്നുവെങ്കിൽ, ആ ദേഹത്തോട് വാദിക്കുവാൻകൂടി സഞ്ജയൻ മിനക്കെടുമായിരുന്നു എന്നു ഞങ്ങൾ കരുതുന്നില്ല.

"വൈരതരു ചേതസി മുളച്ചുഥ വളർന്നു
സൈരമതു പൂത്തു കുസുമങ്ങളതിരുന്നു"

ആ ഘട്ടത്തിൽ "ഇല്ല; എന്തുതന്നെയായും ഈ മരം കായ്ക്കുകയില്ല!" എന്നു പറയുന്ന ആളോട് നേരമുള്ളപ്പോൾ കടൽപുറത്തുപോയി തിരയെണ്ണുവാനല്ലാതെ യാതൊന്നും പറയേണ്ടുന്ന ആവശ്യമുണ്ടെന്നും ഞങ്ങൾക്കു തോന്നുന്നില്ല. അപകടം കായ്ക്കുന്ന മരത്തിന്റെ വിത്തു പാകാ

തിരിക്കണം; പാകിയ സ്ഥിതിക്ക് അതിനെ ശ്രേഷ്ഠിയ്ക്കാതിരിക്കണം; ആലോചിക്കാതെ ശ്രേഷ്ഠിച്ചാൽ മുള വരുമ്പോഴേ നുള്ളണം; അതും ചെയ്യാൻ വിട്ടുപോയെങ്കിൽ തൈയാകുമ്പോഴേ മുറിക്കണം;—ഇല്ലെങ്കിൽ കഴഞ്ചും. ഉൗർധ്വൻ വലിക്കുമ്പോഴല്ല കഷായക്കലം വാങ്ങാൻ പുറപ്പെടേണ്ടത്.

യുദ്ധമുണ്ടാകും, സർ, യുദ്ധമുണ്ടാകും!

"ശക്തിയഷ്ടികുപാണതോമരഭിണ്ഡി—
പാലശരാസനം
പത്തിവാഹം പരിഘം മുസുണ്ഡി ഗദാ കുട—
ത്തിലചക്രവും
ഇത്തരം വിവിധായുധങ്ങളെ മൂച്ച
കൂട്ടുവിനുട്ടുവിൻ:
പത്തുനാളിനകത്തു യുദ്ധമകപ്പെട്ടം
ഹര ശങ്കര!"

പത്തുനാളെ ഒരു വേള പത്താഴ്ചയോ, കവിഞ്ഞാൽ, പത്തു മാസമോ ആയേക്കാൻ മതി. അത്രതന്നെ; അത്രമാത്രം.

അതിലിടയ്ക്ക് നിങ്ങളാരെങ്കിലും നമ്മുടെ ഫ്രാൻസിന്റെ തിട്ടക്കവും ബേജാറും നോക്കിയോ? സ്പെയിനിൽ നടക്കുന്ന കലാപത്തിൽ മറെറ കോയ്മകളും പങ്കെടുക്കാതിരിക്കുവാൻ വേണ്ടി അരയും തലയും മുറുക്കി ഉഷ്ണിച്ചു, പാഞ്ഞു, വീണ്, സർവരുടെയും കാലു പിടിച്ച് കരയുകയാണ് ഫ്രാൻസ് ചെയ്യുന്നത്. ഇതു മുറുമുറുക്കും ജാഗ്രതയുമുള്ള ഒരു രാഷ്ട്രീയശക്തി ലോകത്തിൽ വേറെ ഇല്ലെന്ന് ഈ അവസരത്തിൽ ഫ്രാൻസിനെ കണ്ടാൽ ആരും ശങ്കിച്ചുപോകും.

പക്ഷെ ഏതാനും മാസങ്ങൾക്ക് മുമ്പ് ഏത്യോപ്യയും ഇറലിയും തമ്മിൽ വഴക്ക് മൂത്ത് ഇറലി എത്യോപ്യയുടെ മാറത്തു കേറിയിരുന്ന് കഴുത്തിനു കൈകൂട്ടി അവളെ ക്ലോസാക്കുവാൻ അരപ്പട്ടയിൽ നിന്ന് പീച്ചാത്തി വലിക്കുന്ന സമയത്ത് പ്രസ്തുത ഫ്രാൻസിന്റെ "തണുപ്പ്" നിങ്ങൾ കണ്ടിരുന്നുവോ?

"വേഗം സമിതിയോഗം കൂടണം. തീപ്പുകൾ ചെയ്യണം. ഇറലിയെ തടയണം" എന്നൊക്കെ സമിതിയിലെ ചില അംഗങ്ങൾ ഘോഷം കൂട്ടിയപ്പോൾ "ഹെയ്! ഇതെന്തൊരു തിരക്കാണ്! ഇങ്ങിനെയൊക്കെ ബഹളം കൂട്ടണോ? ഒരു മാസംകൂടി കഴിയട്ടെ!" എന്നുപറഞ്ഞു ആലസ്യം അഭിനയിച്ച പുള്ളിയാണ് ഇപ്പോൾ കാപ്പി കുടിക്കുവാൻകൂടി അവസരമില്ലാതെ ചരക്കം പായുന്നത്! "കരിലൊപ്പിട്ടന്നത് കുറച്ചുകഴിഞ്ഞിട്ടാവാം" എന്ന് ഇറലി പറയുമ്പോൾ ഫ്രാൻസ് അക്ഷമയായി തുള്ളുന്നു; ജർമനിയെ കോൺഫറൻസിൽ ചെക്കുവാൻ വേണ്ടി, "അവർ പറയുന്നതൊക്കെ സമ്മതിച്ചേക്കിൻ!" എന്ന് ബ്രിട്ടനോട് ഫ്രാൻസ് കേണപേക്ഷിക്കുന്നു; പോണ്ടിച്ചെരി കോൺഫറൻസിനു വരാൻ ഇപ്പോൾ ഭാവമില്ലെന്നു പറയുമ്പോൾ ഫ്രാൻസിന്റെ വായിൽനിന്നു നുരയും പതയും പുറപ്പെടുന്നു.

"ഇതെൻപുള്ളെയല്ലവാ?" എന്നാണ് ഈ കോപ്പരാട്ടിയുടെ അഭ്യർത്ഥന. നിങ്ങൾക്ക് മനസ്സിലായോ? സ്പെയിനിൽ സോഷ്യലിസ്റ്റും ഫാസിസ്റ്റും തമ്മിലാണ് പീച്ചാത്തിവലി. ഫ്രാൻസിലുമുണ്ട് ഇത്തരം രണ്ടു കക്ഷികൾ. ആലഹള ഇങ്ങെങ്ങാൻ പടർന്നുവെങ്കിൽ ഫ്രാൻസിന്റെ പുറത്തൊപ്പൊടി തട്ടിപ്പോകും. ഫാസിസ്റ്റ് ഇറലി ലഹളക്കാരെ സഹായിക്കുകയാണെങ്കിൽ, സോഷ്യലിസ്റ്റ് ഫ്രാൻസ് സ്പാനിഷ് ഗവമ്മേണ്ടിനെയും തുണക്കേണ്ടിവരും. അത് കലഹത്തിന്റെ വാലായിരിക്കും. "അമ്പലപ്പുരക്കൊടിമരം അപ്പൻ പണിതതാക്കും. അമ്പട്ടം പിത്തളയാക്കും. വെളിയിലെ ശൊല്ലക്കൂടാത്—തല പോണ കായ്മയാകും" എന്നു പറഞ്ഞപോലെ, ഇതൊന്നും അവർക്ക് വെളിയിൽ പറയാനും നിവൃത്തിയില്ല. പക്ഷെ ഈ ക്രമക്കേട് ഗ്രന്ഥകർത്തല്ലെന്നുമാത്രം നിങ്ങൾ തൽക്കാലത്തേക്ക് ചുരുക്കമായി മനസ്സിലാക്കിയാൽ മതി. ആരാണ്, എപ്പോഴാണ് എന്നൊക്കെ വഴിയെ തെളിയും. ബാക്കി അപ്പോൾ പറയാം.


:o:

"ഇന്നലെ ഞാൻ വളരെ ഉയരമുള്ള ഒരു കൊട്ടമുടിയിന്മേൽനിന്നു കീഴ്പോട്ട വീണു എന്നു സ്വപ്നം കണ്ടു. വീഴ്ചയ്ക്കിടയിൽ ഞാൻ കടം കൊടുപ്പാനുണ്ടായിരുന്ന എല്ലാവരും വഴിക്കുവഴി എന്റെ മുമ്പിൽ പ്രത്യക്ഷരായി."

"എല്ലാവരും?"

"എല്ലാവരും."

"അമ്പോ! താൻ എത്രമാത്രം വീണിരിക്കണം!"



പീപ്പ്ൾസ് പാർട്ടി: തോണിക്കാരേ, അകറിത്തുഴയല്ലേ!

മോഹിതൻ.

[Another Dramatic Lyric in Humble Imitation of the Master.]

'മാതൃഭൂമി വിശേഷാൽപ്രതി'യിൽ മി: ചങ്ങമ്പുഴ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'മോഹിനി' എന്ന മധുരകാവ്യത്തിലെ നായകനായ സോമൻ,

"അത്യനഘമാമീ മുഹൂർത്തത്തി–
ലുത്തമേ നീ മരിക്കണം!
മാമകാശയം ക്രൂരമാണെങ്കി–
ലോമനേ, നീ പൊറുക്കണേ!!"

എന്ന ബീഭത്സരസമായ പീഠികയോടുകൂടി തന്റെ ഓമനയുടെ മാറത്ത് 'കഠാരം' കുത്തിയിറക്കി അവളെ കാച്ചുന്നു. റോബർട്ട് ബ്രൌണിങ്ങിന്റെ 'Porphyria's Lover' (പൊർഫീറിയയുടെ കാമുകൻ) എന്ന കൃതിയുടെ ദീർഘവും ദുർബലവുമായ ഒരു പ്രതിച്ഛായ മാത്രമെന്നു തോന്നിക്കുന്ന ഈ പദ്യത്തിലെ കലാപരമായ ആന്തരാർത്ഥം നല്ലപോലെ ഗ്രഹിക്കാതെ, അനുരാഗകഥകൾക്ക് ആത്മഹത്യയേക്കാളും നല്ല ഒരു പൂർണ്ണവിരാമം സ്ത്രീഹത്യയാണെന്നാണ് കവി ധ്വനിപ്പിക്കുന്നതെന്ന് തെറ്റിദ്ധരിച്ച്, പ്രസ്തുതസോമന്റെ ചരിത്രത്തെ യഥാക്ഷരം അനുകരിക്കുവാൻ ഒരുമ്പെട്ട വേറൊരു യുവകവിയുടെ അനുഭവമാണ് താഴെ വിവരിക്കുന്നത്. കവിത ഒരുവകയാണ്; പക്ഷെ, "മഹാജനം പോംവഴി തന്നെ മാർഗം" എന്ന സമാധാനമുണ്ട്. ഇത്രയും ആമുഖം; കവിത തുടങ്ങുന്നു:

'ഓമനക്കുട്ടൻ' മട്ടു തന്നെ.

I

"കാണേണമെന്നെയച്ഛന്റെ
ചേണെഴും ധാമമായവം:
സോമൻ ചെയ്തതുപോലെ ഞാനുമെ–
ന്നോമനയെപ്പോയ് കാച്ചുവൻ!
ആയതിൻശേഷം ഡ്രാമററിക് ലിറിക്
പോയടിയൊന്നു തീക്കണം.
പോലീസ്സെത്തിട്ടും മുമ്പിതു വേണം;
പോകട്ടേ; ഞാനൊരുങ്ങട്ടെ!"

II

കോമളകാവ്യകാരനാം കോമൻ
കോവണിപ്പടി കേറുന്നു;
കൈയിലുണ്ടൊരു കത്തി...ഹാ, കഷ്ടം!
നീയിതു, കോമ, ചെയ്യൊല്ലേ!
'മോഹിനീ'കാവ്യഗ്രഥാർത്ഥം തെല്ലും
മോഹിതൻ നീയറിവീല:
അക്കൃതി തന്നിൽച്ചാവും തയ്യലാ–
മിക്കുമൊരു പെണ്ണല്ല;
(മിസ്റ്റിക്കർത്ഥം നീ കണ്ടവനല്ല,
മറെറന്തോ പിണ്ണാക്കാണവം!)

III

കോവണിപ്പടി കേറിയ കോമ–
നീവകയൊന്നുമോർത്തീല:
ആ മിസ്റ്റിക്കാവ്യനിർമ്മാണലോലൻ
ശ്രീമെത്തും മച്ചിലെത്തുന്നു.
നില്ക്കുന്നുണ്ടങ്ങു കോമൻ തന്നുടെ
മൈക്കണ്ണാളാകുമോമനേ.
മുപ്പത്താറിലെ മാ. ഭൂ. വി. * പ്രതി–
യുല്പലനേത്ര തൻകയ്യിൽ
കാണുന്നുണ്ടതോ ചിന്തയാൽ മുറ്റും
പെണ്മണിയാനൂ വൈക്ലബ്യം.

* 1936-ലെ 'മാതൃഭൂമി വിശേഷാൽപ്രതി.'

IV

കോമനെക്കാണ്കെയോടിച്ചെന്നില്ലാ,
തുമന്ദസ്മിതം തൂകീലാ,
ഓമന; യെന്നാലീ വിമുഖത
കോമന്നൊട്ടും പിടിച്ചില്ല!
ആദ്യമേ കാണാപ്പാഠമാക്കിയ
പദ്യമാ വിദ്വാൻ ചൊൽകയായ്:
"എന്തു കാണ്മൂ ഞാൻ മുന്നിലിക്കാണ്മ-
തെന്തൊരത്ഭുതസപ്പമോ?
ഓമലാളല്ലേ, 'മോഹിനി'യല്ലേ,
ഹാ! മമ മുൻപിൽക്കാണ്മൂഞാൻ?
വിശ്വസിക്കാനതെനിക്കി,ന്നെൻ
വിഹ്വലനയനങ്ങളെ.
മൻപൊരിക്കലു".....

V

.....മിത്രത്തോളമാ-
ക്കമ്പരാശിതാൻ ചൊന്നപ്പോഴം,
ഓമനയൊരു പൂലെടുത്തേവ-
മോതിനാഗം രോഷദുരക്ഷയായ്:
"ആപ്പരിപ്പിങ്ങു വേവുകയില്ലാ;
കോപ്പരാട്ടി നീ കാട്ടേണ്ടാ.
'മോഹിനീ' കാവ്യമിപ്പോഗത്താൻ വായി-
ച്ചേനഹമെന്നമോക്കണ്ണം.
സോമനെപ്പോലെ തോന്യവാസത്തി-
ന്നീമച്ചിൽത്തഞ്ചം നോക്കേണ്ടാ.
ഏറെനാളായി പ്രേമഗാനത്താൽ
ബോറ ചെയ്യുന്ന താനെന്നെ;
ആയതു പക്ഷെ ഞാൻ പൊറുത്തേക്കാഗം;
പേയ്ംകൊണ്ടിങ്ങു കേറുകിൽ,
സമ്മാനമുണ്ടാമെൻ കയ്യാലതു
ചെമ്മേ നീ വാങ്ങിച്ചീടൊല്ലേ!"

VI

ഓമനയിത്ഥമോതവേ, കോമൻ
ഭീമമായൊന്നു ഞെട്ടിപ്പോയ്.
എന്നിട്ടും പോകാൻ ഭാവമില്ലെന്നു
സന്നതഗാത്രി കണ്ടപ്പോഗം
ഒട്ടുത്തവഗം പൂലൊന്നോങ്ങിനാഗം,
പെട്ടെന്നു കോമൻ പിന്നോക്കം

പേടി പൂണ്ടോറേം ചാടിനാൻ, പടി
ഹാ, തടഞ്ഞയ്യോ, കഷ്ടമേ!.....
(കോവണി പൊക്കമേറിയതെന്നു
കോമനന്നേരേ ജ്ഞാതമായ്!!)

VII

മറൊന്നും ചൊൽവാൻ ബാക്കിയില്ലി-
നി;
ഞ്ഞെറെന്നേ നിങ്ങൾക്കുഹിക്കാം.....
കോമനിന്നോളം പോയിട്ടില്ലാ, ത-
ന്നോമലാളുടെ ഗേഹത്തിൽ.

പി. എസ്സ്.

പ്രാരംഭപാഠം.

നമ്മുടെ ഇടയിൽ ഇന്നു നിലവിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസരീതി അലകും പിടിയും മാറേണ്ടുന്ന വിധത്തിൽ അതു അബദ്ധമായ നിലയിലാണുള്ളതെന്ന് വിദ്യാഭ്യാസാധികൃതന്മാരൊഴികെ ബാക്കിയെല്ലാവരും അറിയുകയും സമ്മതിക്കുകയും ചെയ്യുന്ന കാര്യമാണെന്നുള്ളതിനെക്കുറിച്ച് എനിക്ക് സന്ദേഹലേശമില്ല. ഈ ഏകകാരണംകൊണ്ടാണ് ചങ്ങലംപരണ്ടയിൽ ഒരു സ്കൂൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് സഞ്ജയൻ യാതൊരുത്സാഹവും പ്രദർശിപ്പിക്കാതിരുന്നത്.

ഈ വിദ്യാഭ്യാസരീതിയുടെ പ്രധാനദോഷം പല വിഷയങ്ങളിലും ആദ്യം പഠിപ്പിക്കേണ്ടുന്നത് അവസാനവും, അവസാനം പഠിപ്പിക്കേണ്ടുന്നത് ആദ്യവുമാണ് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതെന്നുള്ളതാണ്. ബി. എ. പാസ്സായി സ്വർണ്ണപ്പട്ടം കെട്ടിക്കഴിഞ്ഞാലാണ് ഇന്നെത്തെ ചെറുപ്പക്കാരുടെ സർവതോമുഖവും അത്യഗാധവുമായ അജ്ഞത വെളിപ്പെടുക. ഐ. സി. എസ്. മുതലായ പരീക്ഷകളിൽ അഭിമുഖപ്രശ്നങ്ങൾക്ക് ഉത്തരം പറയുവാൻ കടന്നുചെല്ലുന്ന ബി. എ. ക്കാരെയും എം. എ. ക്കാരെയും പറഞ്ഞു ഈയെടെ പരീക്ഷകന്മാരിൽ ചിലർ പത്രങ്ങളിൽ എഴുതിയ അനുസ്മരണങ്ങളും നിങ്ങൾ വായിച്ചില്ലേ? "സ്ഥിരംപുണ്യ എന്നാലെന്ത്?" എന്ന ചോദ്യത്തിന് നമ്മുടെ സർവകലാശാലക്കാർ ബി. എ. പട്ടംകെട്ടി പുറത്തിറക്കിയ ഒരു ചെറുപ്പക്കാരൻ "സ്ഥിരംപുണ്യ ഇന്ത്യയിലെ

ഒരു നാട്ടരാജാവാണ്'' എന്ന് മറുപടി പറയുകയുണ്ടായതത്രെ!

സ്ത്രീവിദ്യാഭ്യാസരീതിയുടെ തകരാറാണ് ഇതിന്നൊക്കെ കാരണം. ഉദാഹരണമായി ഭൂമിശാസ്ത്രത്തിന്റെ കാര്യമെടുക്കുക. ഏഴെട്ടുകൊല്ലം മുടങ്ങാതെ ഞാനും ഭൂമിശാസ്ത്രം പഠിച്ചു. എന്നിട്ടെന്താണ്? ഓബി, യെനിസി, ലീനാ, എന്ന മൂന്നു നദികളും സൈബീരിയയിലാണെന്നും അവ വടക്കോട്ടൊഴുകി ഉത്തരധ്രുവസമുദ്രത്തിൽ ചേരുന്നുവെന്നും എനിക്കറിയാം; പക്ഷെ മലബാറിൽ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചേരുന്ന പുഴകളും എതുയുണ്ടെന്നും ഏതൊക്കെയാണെന്നും ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ. ചങ്ങലംപരണ്ടയുടെ ഭൂമിശാസ്ത്രമെന്നല്ല, പാറപ്പുറത്തിന്റെ ഭൂമിശാസ്ത്രംകൂടി ഇയെടെയാണ് ഞാൻ മനസ്സിലാക്കിത്തുടങ്ങുന്നത്. ഒന്നാമതായി തന്നെ ചെറിയ കുട്ടികളെ ഭൂഗോളത്തിന്റെ വിവരണം തൊട്ട് പഠിപ്പിക്കുന്നതുകൊണ്ടാണ് ഈ അപകടമൊക്കെ ഉണ്ടായിത്തീരുന്നതെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. ആദ്യം വീട്ടിന്റെയും, പിന്നെ പറമ്പിന്റെയും, പിന്നീട് ദേശത്തിന്റെയും, അനന്തരം അംശത്തിന്റെയും, അതു കഴിഞ്ഞ് താലൂക്കിന്റെയും, ഇങ്ങിനെ കയറിക്കയറി, അഥവാ, പരന്ന് പരന്നു പോയി, അവസാനത്തെക്കൊല്ലം മാത്രമെ ഭൂഗോളം എന്നുള്ള ശബ്ദംകൂടി വിദ്യാർത്ഥി കേൾക്കേ പറയുവാൻ പാടുള്ളൂ എന്നാണ് ഇക്കാര്യത്തിലുള്ള എന്റെ ശക്തിമത്തായ അഭിപ്രായം.

ഈ സമ്പ്രദായത്തിലെഴുതപ്പെട്ട പാഠ്യപുസ്തകങ്ങളും ഇല്ലെന്നുള്ളതും ശോചനീയമായ ഒരവസ്ഥയാണ്. അതിനെ ആവുന്നേടത്തോളം പരിഹരിയ്ക്കുവാൻ വേണ്ടി ഏതാനും പാഠ്യപുസ്തകങ്ങളും ഞാൻ എഴുതിവരുന്നുണ്ട്. അഞ്ചുവയസ്സുള്ള കുട്ടികളെ പഠിപ്പിക്കേണ്ടുന്ന ഭൂമിശാസ്ത്രപാഠത്തിന്റെ ഒരു മാതൃക താഴെചേർക്കുന്നു. ഇത് വീട്ടുഭൂമിശാസ്ത്രമാണ്. ഓരോ കുട്ടിയുടേയും കാഴ്ചയിൽ ഈ പാഠം ഓരോ രീതിയിലായിരിക്കുവാൻ ഇടയുള്ളതുകൊണ്ട് പാഠത്തിൽ ചേർക്കുവാനുള്ള വിവരങ്ങളും അദ്ധ്യാപകൻ കുട്ടിയുടെ രക്ഷിതാവോട് അന്വേഷിച്ച് പാഠത്തിൽ യുക്തംപോലെ ചേർക്കേണ്ടതാണ്. പാറപ്പുറത്തെപ്പറ്റിയുള്ള ഒന്നാം പാഠം ഇതാ:

പാഠപ്പുറം.

ഇത് ഒരു വീടാകുന്നു. 'വീട്' എന്നുവെച്ചാൽ 'ഭവനം' എന്ന് അർത്ഥമാകുന്നു.

ഈ വീട്ടിന്ന് മൂന്നു മുറികളും ഒരു അടുക്കളയും രണ്ടു വരാന്തകളും ഒരു മേൽപ്പുരയും മുറികൾക്ക് ചുറ്റും ചുമരുകളും എട്ടു വാതിലുകളും പന്ത്രണ്ടു ജനലുകളുമുണ്ട്. വാതിലുകളിൽക്കൂടി ആളുകളും പൂച്ചകളും ജനലുകളിലൂടെ കാറ്റും വെളിച്ചവും അകത്തേക്കു കടക്കുകയും പുറത്തേക്കു പോവുകയും ചെയ്യുന്നു.

ഭൂസ്ഥിതി.

ഇതിന്റെ കിഴക്കും വടക്കും പടിഞ്ഞാറും നീർമാലുകളായതുകൊണ്ട് ഇത് മഴക്കാലത്ത് ഒരു ദ്വീപും, ചിങ്ങം മുതൽ വൃശ്ചികംവരെ ഒരു അർദ്ധദ്വീപും, വേനൽക്കാലത്ത് ഒരു ഭൂഖണ്ഡവുമാകുന്നു.

പ്രധാനനദി.

അടുക്കളയുടെ തളത്തിൽനിന്നുത്ഭവിച്ച് വടക്കെ മുറ്റത്തുകൂടി ഒഴുകി പടിഞ്ഞാറുഭാഗത്തുള്ള നീർച്ചാലിൽ ചെന്നുചേരുന്ന കാളിന്ദിയും, ഇതിന്റെ പോഷകനദി കുളിമുറിയിൽനിന്നുത്ഭവിക്കുന്ന സോപ്പുകലർന്ന ഗംഗയുമാകുന്നു.

പർവ്വതങ്ങൾ.

തെക്കെ വളപ്പിൽ ഉറുമ്പ് കൂട്ടിയതും മൂന്നടി പതിനൊന്നംഗുലവും രണ്ടടി ഏഴംഗുലവും ഉയരമുള്ളതുമായ രണ്ടു പൂറുകളുണ്ട്.

പ്രധാന ഉല്പന്നങ്ങൾ.

സഞ്ജയൻ, സഞ്ജയന്റെ പാചകൻ ഗോപാലൻ, ഒരു കാലൊടിഞ്ഞ പട്ടി, ഏഴ പൂച്ചകൾ, സംഖ്യയില്ലാത്ത കൊതുക്കൾ, മൂട്ടകൾ, ക്രൂരകൾ, എട്ടുകാലികൾ, ചിതൽ, നായ്ക്കൂരണ, കൊടിത്തുവ, ചങ്ങലംപരണ്ട, ശപ്പ്, ശിപ്പ്, ശവറ്, മുതലായവയാകുന്നു.

പ്രധാന കൈത്തൊഴിൽ.

സഞ്ജയന്റെ അമിസ്റ്റിക് എഴുത്തുപണിയും, ഗോപാലന്റെ മിസ്റ്റിക് പാചകവേലയും.

കയറ്റുമതികൾ.

സഞ്ജയൻ എഴുതിക്കൂട്ടുന്ന കുസ്തികൾ.

ഇറക്കുമതികൾ.

അരി, ഉപ്പ്, മുളക്, ആദിയായ അങ്ങാടിസ്സാമാനങ്ങൾ; വർത്തമാനക്കടലാസ്സുകളും മാസികകളും; പണം കൊടുപ്പാനുള്ളവരുടെ രജിസ്തനോട്ടീസുകൾ; വാഹനങ്ങൾ പോകുമ്പോൾ വിരുത്തിന്മേലുള്ള പൊടി; മഴ, മഞ്ഞ്, മുതലായവ.

ഇത് മാതൃക മാത്രമാണ്. അച്ചടിപ്പിക്കുവാൻ കൊടുക്കുന്നതിന്ന് മുമ്പ് ഇതിലും കുറെക്കൂടി വിസ്തരിച്ച് എഴുതുന്നതായിരിക്കും.

സഞ്ജയന്റെ എഴുത്തുപെട്ടി.

മിസ്റ്റർ കിണിയുടെ ഭീഷണി.

സഞ്ജയന്ന് പത്രാധിപത്യസംബന്ധമായും അല്ലാതെയും, അഭിനന്ദിച്ചുകൊണ്ടും ആവലാതിപ്പെട്ടുകൊണ്ടും, പലരിൽനിന്നും പലേ എഴുത്തുകളും കിട്ടീട്ടുണ്ട്. പക്ഷെ തലശ്ശേരിയിലെ ഒരു ഇരിമ്പുകച്ചവടക്കാരനായ മി: കുഞ്ഞുകിണി സപ്തെമ്പർ 8–ാംനു- അയച്ച രജിസ്റ്റർ കത്തുപോലെ രസാവഹമായ ഒരു പ്രബന്ധം ഇതുവരെ ഇവിടെ എത്തിച്ചേർന്നിട്ടില്ലെന്ന് പറയുന്നതിൽ അല്പമെങ്കിലും അതിശയോക്തിയില്ല. "സഞ്ജയ"ന്റെ ജൂൺ ലക്കത്തിൽ മലയാളം നല്ല വിവരമില്ലാത്ത ഒരു കച്ചവടക്കാരൻ 'മയ്യാദ' എന്ന വാക്കിന്റെ അർത്ഥമറിയാതെ "ഇവിടെ മയ്യാദ ഒട്ടമില്ലേ?" എന്നു ചോദിച്ച ഒരാളോട് "കൊർച്ചുള്ളത് രാവിലെ വിറ്റുതീർന്നുപോയി" എന്നു മറുപടി പറയുന്ന ഒരു രസശകലവും, ആഗസ്ത് ലക്കത്തിൽ, വന്നിച്ച വിസ്മൃതിയുടെ ഫലമായി, ഒരു ചെട്ടിയെ കള്ളനെന്ന് തെറ്റിദ്ധരിച്ചതിനാൽ ഒരാൾക്കു പറ്റിയ 'ബ്ലീച്ചി'നെ അടിസ്ഥാനപ്പെടുത്തി ഒരു ചെറുകഥയും ഉണ്ടായിരുന്നു. പ്രസ്തുത രസശകലത്തിലും ചെറുകഥയിലും 'കുഞ്ഞുകിണി' എന്ന പേർ കഥാപാത്രങ്ങൾക്ക് നൽകപ്പെട്ടിരുന്നു. മഹാത്മാവായ നമ്മുടെ ഇരിമ്പുകച്ചവടക്കാരന്റെ പേര് കുഞ്ഞുകിണി എന്നാണ്. അതുകൊണ്ട് അദ്ദേഹം ക്ഷോഭിച്ചിരിക്കുന്നു. ആ ക്ഷോഭത്തിന്റെ ഫലമാണ് സഞ്ജയന്റെ മുമ്പാകെ ഇതെഴുതുമ്പോൾ നിർലജ്ജം മലർന്നു കിടക്കുന്ന ദയനീയമായ മേപ്പടി രജിസ്റ്റ്നോട്ടീസ്.

* * * *

മലയാളഭാഷയിലെഴുതി തകരാറൊന്നും വരേണ്ട എന്നു കരുതി ശ്രീ: കിണി നല്ല പൊടിപാറിയ ഇംഗ്ലീഷിൽ തന്റെ നോട്ടീസ് എഴുതുകയോ എഴുതിക്കുകയോ ചെയ്തിട്ടുണ്ട്. വക്കീലിന്റെ ഒപ്പില്ലെങ്കിലും ഒരു വക്കീലിന്റെ കൈയാണ് ആ നോട്ടീസിന്റെ സർഗവിധിയിൽ പ്രജാപതിതുല്യം വഹിച്ചിരിക്കുന്നതെന്നു അല്പം വ്യുത്പത്തിയുള്ളവർക്കു ഗ്രഹിക്കാവുന്നതാണ്. ഇതിലെ ശൈലി വിളിച്ചുപറയുന്നുമുണ്ട്. അതൊക്കെയിരിക്കട്ടെ. സഞ്ജയന്റെ വരിക്കാരുടെ ഇടയിൽ ജഡ്ജിമാർ, മുൻസീഫ്മാർ, അഡ്വൊക്കേറ്റുമാർ, വക്കീൽ ഗുമസ്തന്മാർ എന്നിവരുൾപ്പെടേയുള്ള അനേകം നിയമവിശാരദന്മാരുണ്ട്. അവരുടെ വിനോദത്തിനുവേണ്ടി ആ എഴുത്ത് മുഴുവൻ ഇവിടെ തർജ്ജമചെയ്തു ചേർക്കണമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷെ സ്ഥലദൌർലഭ്യം അതിനു് എന്നെ അനുവദിക്കുന്നില്ല.

* * * *

സഞ്ജയന്റെ രസശകലത്തിലും ചെറുകഥയിലും കുഞ്ഞുകിണിയെപ്പറ്റി പറഞ്ഞ വസ്തുതകളും പ്രസ്തുത കുഞ്ഞുകിണിക്ക് അപകീർത്തികരങ്ങളാണെന്ന് മി: കുഞ്ഞുകിണി പറയുന്നില്ല; പക്ഷെ സ്തുതിപരങ്ങളല്ലാത്തവ (uncomplimentary) ആണെന്ന് അദ്ദേഹം ആവലാതിപ്പെടുന്നു. ഞങ്ങളുടെ കഥാനായകനായ കുഞ്ഞുകിണിയും ഇരിമ്പുകച്ചവടം മി: കുഞ്ഞുകിണിയും തമ്മിൽ പേരുകൊണ്ടുള്ള ഒരു ബന്ധമല്ലാതെ മറ്റൊരു ബന്ധവുമില്ല. ലോകത്തിൽ ഇതുവരെ ആർക്കും വിളിക്കാത്ത ഒരു പേരും, ഇന്ത്യയിലെങ്ങുമില്ലാത്ത ഒരു ജാതിപ്പേരും കണ്ടുപിടിച്ച്, ഗംബ്ളാസ് കിങ്ങിണി, പങ്റൻ ഗ്രണ്ട്റൻ, പലിങ്കീസ് ഗോരകൻ മുതലായ കഥാപാത്രങ്ങളെയാണ് സഞ്ജയൻ അവതരിപ്പിക്കേണ്ടതെങ്കിൽ കായ്യം കുറെ വിഷമമാണ്. രാമൻനായർ, ശങ്കരമേനോൻ, താച്ചുപ്പണിക്കർ, മമ്മതുകോയ, വരീത് മാപ്പിള, രാമസ്വാമിഅയ്യർ, ജോൺ സ്മിത്ത് മുതലായ പേരുകളും ഉപയോഗിച്ചു കഥകളെഴുതുമ്പോൾ, ആ പേരുകളുള്ള ശ്രുദ്ധാത്മാക്കളെല്ലാംകൂടി, കഥാകാരൻ തങ്ങളെയാണ് അനാശ്വരന്മാരാക്കിത്തീർക്കുന്നതെന്ന് തെറ്റിദ്ധരിച്ചു ചാടിപ്പുറപ്പെട്ടാൽ, "കടന്നു പോവിൻ!" എന്ന് പുച്ഛത്തോടുകൂടി പറയുകയല്ലാതെ ഇജ്ജനം എന്തു ചെയ്യാനാണ്!

* * * *

അതിരിക്കട്ടെ. വാദത്തിനുവേണ്ടി മാത്രം, ഞങ്ങളുടെ കുഞ്ഞുകിണി നമ്മുടെ ഇരിമ്പുകച്ചവടം മി: കുഞ്ഞുകിണിയാണെന്ന് വായനക്കാർ ശങ്കിക്കുവാൻ ഇടയുണ്ടെന്നു തന്നെ വിചാരിക്കുക. ഈ ഹേതുകൊണ്ടു മാത്രം കഷ്ടിച്ച് ഒരു പൈയോ മറ്റോ ന

ഷ്ടം വെച്ചുകിട്ടുവാനിടയുള്ള ഒരു അപകീർത്തി (Technical Defamation) വന്നു ചേരുമെന്നും വിചാരിക്കുക. പക്ഷെ അതിനും കഥകളിൽ പറയപ്പെടുന്ന വസ്തുതകളും അപകീർത്തികരങ്ങളായിത്തന്നെയിരിക്കണം; സ്തുതിപരങ്ങളല്ലാത്തവ (uncomplimentary) യായാൽ പോര. ഞങ്ങളും കൃഷ്ണകിണിയെ സ്തുതിക്കണംപോലും! പിന്നല്ലേ? മനസ്സില്ല. ആയിരം കൃഷ്ണകിണിമാർ ആയിരം വക്കീലന്മാരെക്കൊണ്ട് ആയിരം രജിസ്റ്റർ നോട്ടീസയപ്പിച്ചാലും, മനസ്സില്ല. ഞങ്ങളുടെ രസശകലത്തിലെ കൃഷ്ണകിണിക്ക് മലയാളത്തിൽ പാണ്ഡിത്യം കഷ്ടിയാണെന്നു ഞങ്ങളും പറഞ്ഞിട്ടുണ്ട്. അത് ഇപ്പോഴും പറയുന്നു. ഞങ്ങളും ക്ക് റജിസ്റ്റ്നോട്ടീസയച്ച മി: കൃഷ്ണകിണിക്കും മലയാളത്തിൽ പാണ്ഡിത്യം കഷ്ടിയാണെന്നു കൂടി ഞങ്ങളും വേണ്ടിവന്നാൽ പറയും. അയക്കട്ടെ അദ്ദേഹം എന്നിയും ഒരു നോട്ടീസ്! സ്റ്റാമ്പു വില്പന വഴിയായി ഗവർമ്മേണ്ടിന്റെ വരവു വർദ്ധിക്കട്ടെ. ഇങ്ങാക്കുമേതും?

* * * *

കഥയിലെ കൃഷ്ണകിണിയുടെ സമുദായത്തെയും സഞ്ജയൻ അധിക്ഷേപിച്ചുവെന്നാണ് തലശ്ശേരിഭജാരിലെ മി: കൃഷ്ണകിണിയുടെ വേറൊരാക്ഷേപം. അതനാവശ്യമാണ്, കേട്ടോ, മി: കൃഷ്ണകിണേ! (മൃഷിയരുത്. ഇകാരാന്തഃപുല്ലിംഗത്തിന്റെ സംബോധന അങ്ങിനെയാണെന്നു സിദ്ധരൂപമുണ്ട്. ഈ സംഗതിക്ക് അന്യായം കൊടുക്കുകയാണെങ്കിൽ സഞ്ജയൻ സിദ്ധരൂപസമേതം കോടതിയിൽ ഹാജരാവും!) മി: കൃഷ്ണകിണിയുടെ സമുദായത്തിൽപെട്ട എത്രയോ ബുദ്ധിമാന്മാരായ മാന്യന്മാരെ സഞ്ജയൻ നേരിട്ടറിയും. സഞ്ജയൻ അവരുടെ സമുദായത്തെ അവമാനിച്ചുവെന്ന് വിചാരിയ്ക്കുന്നതുതക്ക കട്ടകട്ടിയായ ബുദ്ധിയും നേരമ്പോക്കറിയുവാനുള്ള പാടവവും അവക്കാക്കുമുണ്ടെന്നു സഞ്ജയൻ വിചാരിക്കുന്നില്ല. ജർമ്മൻകാർ ഇംഗ്ലീഷു സംസാരിക്കുന്ന രീതിയെ പരിഹസിച്ചുകൊണ്ട് "പഞ്ച്"പത്രഗ്രന്ഥം ഈയെടെ ആരംഭിച്ച ഒരു ലേഖപരമ്പര എന്നിയും അവസാനിച്ചിട്ടില്ല; പക്ഷെ ജർമ്മനിയിലെ ഇരിമ്പുകച്ചവടക്കാരോ ഇരിമ്പുകച്ചവടക്കാരല്ലാത്തവരോ ആരും അതിനെപ്പറ്റി ആക്ഷേപിച്ചതായി അറിയുന്നില്ല. ഞാൻ ഇതു മി: കൃഷ്ണകിണിയോടു മാത്രമായി പറയുന്നതല്ല; ആ എഴുത്തിന്റെ പിന്നിലുള്ള മഹാബുദ്ധിശക്തിയോടു കൂടി മനസ്സിലാകുവാൻ വേണ്ടി എടുത്തു പറയുകയാണ്.

* * * *

"മയ്യാഴയുടെ നിയമങ്ങളും കഥയുടെ ഗതിയുടെ മുറകളും, ഫലിതമാസികകളിലുള്ള കഥാപാത്രങ്ങളും സങ്കല്പസ്വപ്നങ്ങളാണെന്നു കാണിക്കുന്ന ഒരു കുറിപ്പ് ചേർക്കുവാൻ നിർബന്ധിക്കുന്നുണ്ട്" പോലും! ഫലിതമാസികകളെപ്പറ്റി എന്തൊരഗാധപരിജ്ഞാനമാണ് നോട്ടീസുകാരൻ കാണിക്കുന്നത്! അദ്ദേഹം "ടിറ്റ് ബിറ്റ്സ്" മാസികയിൽ അങ്ങിനെയൊരു കുറിപ്പു കണ്ടിട്ടുണ്ടായിരിക്കാം! അതോ "പഞ്ചി"ലോ? അല്ലെങ്കിൽ "ഹ്യൂമറിസ്റ്റ്" മാസികയിലായിരിക്കും. ശുദ്ധാത്മാവേ, താനറിയാത്ത കാര്യത്തെപ്പറ്റി മിണ്ടാതിരിക്കണം. ഫലിതമാസികകളെ സംബന്ധിച്ചുള്ള മുറകളും സഞ്ജയനെ പഠിപ്പിക്കുവാൻ അവതരിച്ചിരിക്കുന്ന ആചാര്യൻ! അങ്ങിനെ ഒരു കുറിപ്പു ചേർക്കേണ്ടിവരുന്ന വിധത്തിലുള്ള കഥകളും ഏതുമാതിരിയിലുള്ളതാണെന്ന് സഞ്ജയന്നറിയാം: അത്തരം കഥകളും പ്രസിദ്ധപ്പെടുത്തേണ്ടുന്ന ആവശ്യം സഞ്ജയനും നേരിടാതിരിക്കട്ടെ! അഥവാ, അങ്ങിനെ വേണ്ടിവന്നാൽ അവയുടെ ചോടെ ആ കുറിപ്പും കാണും.

* * * *

സഞ്ജയന്റെ കഥയിൽ പറയപ്പെട്ട വസ്തുതകളും കഥാപാത്രമായ കൃഷ്ണകിണിക്ക് കാമ്പ്ളിമെണ്ടറി (സ്തുതിപരം) അല്ലെന്ന് ആവലാതിപ്പെടുന്ന ശ്രീ: കൃഷ്ണകിണി ഒടുക്കം പറയുകയാണ്: "കൊങ്ങണി ജാതിയിൽപ്പെട്ട ആളും ഇരിമ്പുകച്ചവടമോ മറ്റു വല്ല കച്ചവടമോ നടത്തുന്ന ആളുമായ കൃഷ്ണകിണിയെസ്സംബന്ധിച്ച് സ്തുതിപരമല്ലാത്തതോ, മറിച്ചോ, ആയ വല്ല സൂചനയും അടങ്ങിയ ഉപന്യാസങ്ങളും പ്രസിദ്ധപ്പെടുത്തുന്നതിനെതിരായി ഞാൻ നിങ്ങളെ താക്കീതു ചെയ്യുന്നു". ബലെ! ആ "മറിച്ചോ" എന്നതിനെപ്പറ്റി നിങ്ങളും എന്തു വിചാരിക്കുന്നു? സ്തുതിപരമല്ലാത്തതു പറയാൻ പാടില്ല. സമ്മതിച്ചു. ടി. യാനെപ്പറ്റി സ്തുതിപരമല്ലാത്തതൊന്നും ഞങ്ങളും എഴുതീട്ടില്ല; എഴുതേണ്ടുന്ന യാതൊരാവശ്യവും ഞങ്ങൾക്കില്ല താ

നും. (പറയുന്നതു കേട്ടാൽ മി: കൃഷ്ണകിണി ഡി. ബോ. പ്രസിഡെണ്ടോ മറേറാ ആണെന്നു തോന്നും!) പക്ഷെ "മറിച്ചും"—എന്നു വെച്ചാൽ സ്തുതിപരമായും—യാതൊന്നും പറയാൻ പാടില്ലെന്നുള്ള താക്കീത് എന്തൊരു താക്കീതാണ്! (ഇതിനെ സംബന്ധിച്ചാണ് വക്കീലന്മാരിൽ പലക്കും സഹജമായ വൃഥാസ്ഥൂലശൈലി എന്ന് ഞാൻ മുമ്പ് പറഞ്ഞത്.) സ്തുതിക്കുന്നതിനെതിരായി നിയമമുണ്ടോ? ഉണ്ടെങ്കിൽ അതല്ലേ ഒന്നു കാണേണ്ടത്! മറവുള്ളവരെ ഭഷിച്ച് ജെയിലിൽ പോയ പത്രാധിപന്മാരുടെ ഇടയിൽ സ്തുതിച്ച് ജെയിലിൽ പോയ ഒരു പത്രാധിപർകൂടി ഉൾപ്പെട്ടുന്നത് നിയമചരിത്രത്തിൽ ഒരു പുതിയ സംഭവമായിരിക്കുകയില്ലേ? അതുകൊണ്ട് മി: കൃഷ്ണകിണിയുടെ താക്കീതിനെ വകവെക്കാതെ, എനിയുമൊരു രജിസ്റ്റർ നോട്ടീസിനെ സകുതുകം പ്രതീക്ഷിച്ചുകൊണ്ട്, സഞ്ജയൻ, ഇതാ, മി: കൃഷ്ണകിണിയെ സ്തുതിക്കുവാനൊരുങ്ങുന്നു:

കേസ്സിൻ:—

മി: കൃഷ്ണകിണി ഒരഗാധബുദ്ധിമാനും, ആലോചിക്കാതെ യാതൊരു കാര്യവും ചെയ്യാത്തവനും, ഗംഗ തന്നിലെ ഹ്രദം പോലെ അക്ഷോഭ്യനും, സത്യം മയ്യാദ മുതലായ സകല ഗുണങ്ങളുടെയും ആകരവും, ധൈര്യത്തിൽ സിംഹതുല്യനും, ഇംഗ്ലീഷുഭാഷയിൽ മറെറ ഇരുമ്പുകച്ചവടക്കാക്ക് സിദ്ധിച്ചിട്ടില്ലാത്ത പാണ്ഡിത്യത്തോടുകൂടിയവനും, ഒരൊന്നാന്തരം നിയമവിശാരദനും, ചെറിയ കുട്ടികളുടെതുപോലെ നിഷ്കളങ്കമായ ശുദ്ധഹൃദയത്തോടുകൂടിയവനുമാണെന്ന് ഞാൻ—പാറപ്പുറത്തു സഞ്ജയൻ—സുദൃഢമായി വിശ്വസിക്കുകയും, അനുമാനിക്കുകയും ചെയ്യുന്നു.

* * * *

ഇതൊരു സ്തുതിയാണ്. ഇതു നിമിത്തം ഏതു മലയാണ് മറിഞ്ഞുവീഴുക എന്ന് കാണുവാൻ സഞ്ജയൻ കാത്തുനിൽക്കുന്നു. മി: കൃഷ്ണകിണിതൻെറ എഴുത്തിന്ന് ഒരു മറുപടി അയക്കുവാൻ സഞ്ജയനോട് ആവശ്യപ്പെട്ടിരുന്നു! സഞ്ജയൻെറ അകൈതവമായ സ്നേഹത്തിനും ബഹുമാനത്തിനും പാത്രങ്ങളായ സുഹൃത്തുക്കളുടെ വാത്സല്യം തുളുമ്പിത്തുളുമ്പുന്ന സ്നേഹമസൃണങ്ങളായ എഴുത്തുകൾക്കുപോലും മറുപടി അയക്കുവാൻ സഞ്ജയന്ന് അവസരവും സൌകര്യവും കിട്ടീട്ടില്ല. എന്നിട്ടു വേണ്ടേ ഈ—പോട്ടെ; ഞാൻ പറയുന്നില്ല. ഈ മറുപടിയടങ്ങിയ 'സഞ്ജയ'ൻെറ ഒരു പ്രതി സൌജന്യമായി മി: കൃഷ്ണകിണിയ്ക്ക് അയക്കുവാൻ സഞ്ജയൻ മാനേജരോട് പറഞ്ഞിട്ടുണ്ട്. മി: കൃഷ്ണകിണി അതുകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളണം.

പാതിരിക്കു സ്വർഗ്ഗം വേണ്ട!

ഡോക്ടർ പാതിരിയുടെ ദേഹം പരിശോധിച്ചു. ഒടുവിൽ ഇങ്ങിനെ പറഞ്ഞു. "അധികം പ്രസംഗിച്ചതുകൊണ്ടായിരിക്കണം, നിങ്ങളുടെ ശ്വാസകോശങ്ങൾക്ക് ചില്ലറ തകരാറു പറ്റീട്ടുണ്ട്. നിങ്ങൾ ആറുമാസമെങ്കിലും മദനപ്പള്ളിയിൽ താമസിക്കണം."

പാതിരി:—അയ്യോ, അതുയും കാലം പ്രവൃത്തിമുടക്കാൻ വയ്യല്ലോ!

ഡോക്ടർ:—നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യാം. ഒന്നുകിൽ മദനപ്പള്ളി, അല്ലെങ്കിൽ സ്വർഗ്ഗം.

പാതിരി അല്പനേരം ആലോചിച്ചു. പിന്നീട് പറഞ്ഞു:

"ശരി. മദനപ്പള്ളിതന്നെ ആകട്ടെ!"

* * * *

ഒരു കള്ളൻ മതിലിന്മേലും കൂട്ടുകാരൻ കീഴെ നിരത്തിന്മേലുമായിരുന്നു. തൊടിയിൽ നിന്ന് നായ കുരച്ചു. നിരത്തിലുള്ള കള്ളൻ ചോദിച്ചു: "താനെന്താണ് അപ്പുറത്തു കടക്കാത്തത്?"

"പട്ടി കുരക്കുന്നത് താൻ കേൾക്കുന്നില്ലേ?"

"കടിയാപ്പട്ടിയാണ് കുരക്കുകയെന്ന് താനറിയുകയില്ലേ?"

"അത് തനിക്കറിയാം; എനിക്കും അറിയാം; പക്ഷെ പട്ടിയ്ക്കറിയുമോ എന്നാണെൻെറ സംശയം."

സഞ്ജയൻ. പു: 1. ലക്കം: 6.

കടന്നൽഗവേഷകൻ. അഥവാ, "ഇങ്ങിലിക്കും നായക്ക് ഒരു വിളി തോന്നി."

പത്രാധിപരുടെ കത്ത്.

"ഭർതൃസ്ഥാനാർത്ഥികളുടെ ഇടയിൽ 'സ്വ. ലേ.' കൂടി പ്രത്യക്ഷപ്പെട്ട സ്ഥിതിക്ക് എന്തു കൊണ്ട് പത്രാധിപരെക്കണ്ടില്ല?" എന്ന് ഒരാൾ ഈയെടെ ചോദിക്കുകയുണ്ടായി.

ശരിയാണ്. അത് ഒരു മറവി തന്നെ. പത്രാധിപർ സൌഭാഗ്യവതിയ്ക്കയച്ച പ്രണയലേഖനം താഴെ ചേർക്കുന്നു.

'ശ്രീമതി,

കേരളീയവനിതകളെ മേലിൽ ഭർത്താക്കന്മാരെ സ്വീകരിക്കേണ്ടത് ഏതു പദ്ധതിയെ അവലംബിച്ചായിരിക്കണം, എന്നുള്ള വിഷമപ്രശ്നത്തെ അധികരിച്ച് നിങ്ങളെ ഈയെടെ ചെയ്തതായി ഞങ്ങളുടെ റിപ്പോർട്ടർ പറയുന്ന പ്രസംഗത്തിന്റെ ഒരു രത്നസങ്ഗ്രഹം ഞങ്ങളെ അന്യത്ര ചേർത്തിട്ടുണ്ട്. നിങ്ങളുടെ പ്രസംഗവിഷയത്തിലേക്ക് ആയിരക്കണക്കായെണ്ണാവുന്ന ഞങ്ങളുടെ വായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ഞങ്ങളെ ഒരു ഗംഭീരമുഖപ്രസംഗം വഴിയായി ആകർഷിയ്ക്കുകയും ചെയ്തിട്ടുണ്ട്.

നിങ്ങളുടെ പ്രസംഗത്തിൽ ചില്ലറവ്യാകരണസ്ഖലിതൃങ്ങളും, ശൈലീഭംഗങ്ങളും, യുക്ത്യാഭാസങ്ങളും ഞങ്ങൾക്ക് അവിടവിടെയായി കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നില്ല. പക്ഷെ ഒരു കേരളീയമഹിളയുടെ ഏതാദൃശമായ സമുദായപരിഷ്കരണസംരംഭത്തെ, ഭാഷാവിഷയകമായ അപഭ്രംശങ്ങളെ നിർദ്ദേശിച്ച് നിരുത്സാഹപ്പെടുത്തുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.

പക്ഷെ പ്രസംഗകർത്രിയോട് – അതായത് നിങ്ങളോട് – രണ്ട് വാക്ക് പറയാതിരിക്കുവാൻ ഞങ്ങൾക്ക് നിർവാഹമില്ല: ഞങ്ങളും സമുദായപരിഷ്കരണത്തിനു ബദ്ധകച്ചമാരായി ശ്രമിക്കുന്നവരാണ്. ആ സ്ഥിതിയ്ക്കു ഞങ്ങളുമായി വിവാഹബന്ധത്തിലേപ്പെടുന്നത്, മറേറതു കായ്ത്തിലും സുഖപ്രദമാകുവാൻ വഴിയില്ലെന്ന് സമ്മതിയ്ക്കപ്പെട്ടാൽ കൂടി, ഇക്കായ്ത്തിൽ ആശാസ്യമായിത്തീരുമെന്നാണ് ഞങ്ങളുടെ പൂർണ്ണബോധവും, വിശ്വാസവും, പ്രതീക്ഷയും, പ്രത്യാശയും.

ഒരു കായ്ംകൂടി ഇവിടെ എടുത്തു പറയേണ്ടതായിരിക്കുന്നു. അത് മേലെഴുതിയ കുറിപ്പിൽ 'ഞങ്ങളും' എന്നുള്ള പ്രയോഗം കണ്ട് 'എഡിറേറാറിയൽ സ്റ്റാഫി'ന്റെ മുഴുവൻ ഭാഷ്യാപഭംസ്വീകരിച്ച് ഒരഭിനവപാഞ്ചാലിയായിത്തീരുവാനാണ് ഞങ്ങളും നിങ്ങളെ ക്ഷണിക്കുന്നതെന്ന് തെറ്റിദ്ധരിക്കരുതെന്നുള്ളതാണ്. മുഖപ്രസംഗമെഴുതുന്ന പേന ഒന്നുതന്നെയായിരിക്കുമ്പോഴും പ്രാതിനിധ്യബോധം ഉത്തമപുരുഷൈകവചനത്തെ ബഹുവചനമാക്കാറുണ്ടെന്നേ വസ്തുത സർവവിദിതമാണല്ലോ.

ഇതിനുള്ള മറുപടി കടലാസ്സിന്റെ ഒരു വശത്തുമാത്രം വ്യക്തമായി മഷികൊണ്ടെഴുതിയിരിക്കേണ്ടതാണെന്നും, നിങ്ങളുടെ പേരും പൂർണ്ണമായ മേൽവിലാസവും (പ്രസിദ്ധീകരണത്തിന്നാവേണമെന്നില്ല) അതിൽ ചേർത്തിരിക്കേണ്ടതാണെന്നുംകൂടി നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

എന്ന്, നിങ്ങളുടെ വിധേയൻ,

.....

('കേരളകാഹളം' പത്രാധിപർ.)

"ഒരഞ്ചുറുപ്പിക കടമായെടുക്കാനുണ്ടോ?"

"ഞാൻ നിങ്ങളെ അറിയുകയില്ലല്ലോ!"

"ആ ധൈര്യംകൊണ്ടല്ലേ ചോദിച്ചത്?"

* * *

"സലാം, മിസ്റ്റർ ഗോവിന്ദമേനോൻ!"

"ഓ, സലാം, മിസ്റ്റർ ചക്രപാണിവാരിയർ!"

"എന്റെ പേർ ചക്രപാണിവാരിയരെന്നല്ല."

"സാരമില്ല. എന്റെ പേർ ഗോവിന്ദമേനോൻ എന്നുമല്ല"

* * *

രണ്ടു പരമവിരോധികൾ ഒരിടുങ്ങിയ ഇടവഴിയിൽ എതിർമുട്ടി.

"ഞാനൊരു തെമ്മാടിക്കു വഴി മാറിക്കൊടുക്കില്ല" എന്ന് പറഞ്ഞ് ഒരാൾ നിന്നേടത്തുതന്നെ നിന്നു.

മറെറയാൾ:—"സർ, ഞാൻ മാറിക്കൊടുക്കും.. കടന്നു പോവിൻ!"

സഞ്ജയോപാഖ്യാനം. *

———:o:———

നമ്പൂതിരിയുടെ മകനോ ഗന്ധർവന്റെ അവതാരമോ അല്ലാത്ത ഒരു ശൂദ്രന് സാഹിത്യപരിശ്രമം ചെയ്യുവാൻ അർഹതയില്ലെന്നായിരുന്നു പണ്ടത്തെ നമ്പൂതിരിമാരുടെ വിശ്വാസമെന്ന് രസികശിരോമണിയായ ശ്രീ. മൂക്കോത്തു കുമാരൻ അവർകളം തെളിയിച്ചിട്ടുണ്ട്: വാസ്തവത്തിൽ ഈ വിവരം അറിഞ്ഞതു മുതൽ സഞ്ജയന് മനസ്സമാധാനം ഇല്ലാതായിരിക്കുന്നു; കാരണം, സഞ്ജയൻ അടുത്തൊരു ദിവസം നല്ല മുഹൂർത്തം നോക്കി സാഹിത്യപരിശ്രമം ചെയ്യണമെന്ന് നിശ്ചയിച്ചിട്ടുള്ള കൂട്ടത്തിലാണ്; നമ്പൂതിരിയുടെ മകനല്ല താനും. അർഹതയില്ലാത്ത സ്വാതന്ത്ര്യങ്ങളം എടുക്കുന്നവരിൽ സഞ്ജയൻ വമ്പനല്ലെങ്കിൽ മുമ്പനെങ്കിലുമാണെന്ന് ചില പ്രസിദ്ധവക്കീലന്മാർകൂടി ഒരു സമയം നിങ്ങളെ അറിയിച്ചേക്കാൻ മതി; പക്ഷെ സാഹിത്യസംബന്ധമായി അങ്ങിനെയൊരപവാദം കേൾക്കുവാൻ പി. എസ്സ്. ഏതായാലും ഒരുങ്ങീട്ടില്ല. ഒരു ദിക്കിലെങ്കിലും ഒരാളുടെ പേര് അകളങ്കിതമായിരിക്കണ്ടേ? ഇതുതന്നെ മുൻപൊന്ന മനസ്സമാധാനക്കുറവിന്ന് ഹേതുവായിരിപ്പു എന്നറിഞ്ഞുകൊള്ളുകയും വേണം.

* * * *

അതുകൊണ്ട്, സഞ്ജയൻ നമ്പൂതിരിയുടെ മകനല്ലാത്ത സ്ഥിതിക്ക്, ഗന്ധർവന്റെ അവതാരമാണെന്നു തെളിയിക്കുവാനെങ്കിലും വല്ല വഴിയുമുണ്ടോ എന്ന പ്രശ്നത്തെ സംബന്ധിച്ച് പി. എസ്. ഒരു ഗംഭീരഗവേഷണം തന്നെ നടത്തി. സത്യത്തെ ആരായുവാനുള്ള വിശിഷ്ടോദ്ദേശ്യത്തെ മുൻനിർത്തി നടത്തപ്പെട്ട ഏതു ഗവേഷണമാണ് ഇതുവരെ പാഴായിപ്പോയിട്ടുള്ളത്? പി. എസ്സിന്റെ ഗവേഷണത്തിനും അചിരേണ ഫലം സിദ്ധിച്ചു.

"ക്ഷിപ്രം ഹി മാനുഷേ ലോകേ
സിദ്ധിർഭവതി കർമ്മജാ."

പാറപ്പുറത്തെ പടിഞ്ഞാറേയിൽ പകൽവെളിച്ചം കാണാതെ എത്രയോ കാലമായി പൂത്തു കിടന്നിരുന്ന 'തോന്ന്യാസപുരാണം' താളിയോലഗ്രന്ഥത്തിന്റെ അവശിഷ്ടഭാഗങ്ങളിലൊരേടത്ത് 'സഞ്ജയോപാഖ്യാന'മെന്ന തലക്കുറി പ്പോട്ടകൂടി പി. എസ്സിന്റെ പൌർവ്വദൈഹിക ചരിത്രം അത്ഭുതപരവശനായ ഗവേഷകന്റെ ദൃഷ്ടികൾക്ക് വിഷയീഭവിച്ചു. കാക്കോടകൻ ബദ്ധപ്പെട്ട് എങ്ങോട്ടോ പോകുന്ന നാരദമുനിയെ വഴിയിൽ കണ്ടുമുട്ടി, മുഷിച്ചലുണ്ടാകാതിരിപ്പാൻ നമസ്കരിക്കുകയാണെന്ന വ്യാജേന, നിലത്തുവീണ് കാലുരണ്ടും കെട്ടിപ്പിടിച്ച്, താടിക്കാരന്റെ പ്രാരംഭപ്രതിഷേധവചസ്സുകളെ കേട്ടിഭാവംപോലും നടിക്കാതെ, ക്രമേണ അദ്ദേഹത്തെ അനുരഞ്ജിപ്പിച്ചുകൊണ്ട് ചൊല്ലിത്തീർത്തു കളഞ്ഞതാണ് 'തോന്ന്യാസപുരാണ'മെന്ന വസ്തുത യഥാർത്ഥപണ്ഡിതന്മാരൊക്കെ ഗ്രഹിച്ചിരിക്കാവുന്നതാണല്ലോ. സഞ്ജയന്റെ കഴിഞ്ഞ ജന്മത്തെപ്പറ്റി 'തോന്ന്യാസ'ത്തിലെ ഏകാദശം എന്തു പറയുന്നു എന്ന് കേൾക്കുവിൻ! (തർജമ എന്റേതാണ്; നന്നായിട്ടില്ലെങ്കിൽ മുഷിയരുത്.)

* * * *

നാരദൻ പറഞ്ഞു:

ശ്രീമൻ, കാക്കോടകസ്വാമിൻ,
തിരക്കുണ്ടെങ്കിലും ശരി,
സഞ്ജയന്റെ പുരാവൃത്തം
കേൾക്കുവാനിച്ഛയുണ്ടെ മേ.

കാക്കോടകൻ പറഞ്ഞു:

പണ്ട് ചിത്രരഥൻ * തന്റെ
മകനായ്, തോന്ന്യവാസിയായ്,
ഗന്ധർവ്വനഗരം തന്നിൽ
പിറന്ന സഞ്ജയൻ, മുനേ.

---

* ഈ ഉപന്യാസം 1935 ജനുവരി 9-ാംനു-ത്തെ 'കേരളപത്രിക'യിൽ പ്രസിദ്ധപ്പെടുത്തിയതാണ്. പല സ്ഥലങ്ങളിലും ചില്വറ ഭേദഗതികളം വരുത്തീട്ടുണ്ട്; നല്ലതിനോ, അല്ലയോ, എന്തോ!

* "ഗന്ധർവാണാം ചിത്രരഥഃ
സിദ്ധാനാം കപിലോ മുനിഃ"
ഗീതാ. X. 26.

യുക്തിവാദം പഠിച്ചേറ്റം
തലയ്ക്കു് വെളിവറ്റവൻ
അച്ചടക്കമുപേക്ഷിച്ചു്
നാടെങ്ങും തെണ്ടി, നാരദ.

ദേവേന്ദ്രനേയും മറ്റുള്ള
ദേവന്മാരെയുമൊന്നുപോൽ
പരിഹാസം പൊഴിച്ചേറെ
വേദനിപ്പിച്ചു കശ്മലൻ.

എതിരായാരുമില്ലാതെ
ധിക്കാരം മൂത്ത സഞ്ജയൻ
പരബ്രഹ്മജിയെപ്പോലും
വക്കാണിച്ചു നടന്നുപോൽ!

ഒരു നാളഥ ശ്രുനിക്കു്
'നോബെൽ പ്രൈസു' ലഭിച്ചവൻ—
ഉർവാസ്യാവു്—കടന്നെത്തി
ഗന്ധർവനഗരത്തിലും.

താടിക്കാരന്റെ പിന്നാലെ—
പ്പൂതിനായിരമാളുകൾ
ഭക്ഷണാർത്ഥം നടക്കുന്ന
ശിഷ്യരെന്നു നടിച്ചഹോ.

ഈ ഘോഷയാത്ര ഗന്ധർവ
മിറായിത്തെരുവീഥിയിൽ
എത്തുമ്പോഴെക്കു് വല്ലാത്തൊ—
'രേക്ലിഡെൻറ്' ബദ്ധവ ഹി.

നടുറോട്ടിൽ കിടക്കുന്ന
പഴത്തൊലി ചവിട്ടിപോൽ
മുനീശ്വരൻ; നടൻതന്നെ
വഴുതിപ്പാഞ്ഞു പോയിപോൽ. *

ശരം പോകുന്നപോൽ നേരെ—
ച്ചെന്നു ഉർഗന്ധി ഗുട്ടറിൽ
നിപതിച്ചു മഹായോഗി:
വിധിയാക്കു തടുത്തിടാം?

ഗുരുകോപം ഭയപ്പെട്ടു്
ചിരി നിർത്താൻ ശ്രമിയ്ക്കയാൽ
എണ്ണായിരത്തിൽ ചിലാനം
ശിഷ്യർ വീപ്പുറം വീണുപോയ്.

ഗന്ധർവ 'ഡെയ്ലീ ടൈംസി'ന്റെ
സ്വന്തം റിപ്പോർട്ടർ സഞ്ജയൻ
ഇക്കാഴ്ച കണ്ടനേരത്തു്—
ശേഷമെന്തിനു ചൊൽവു ഞാൻ?

ധിക്കാരത്തിന്റെ കൂടായ
സഞ്ജയൻ സർവവും തദാ
വിസ്മരിച്ചു നിരത്തിന്മേൽ
വീണുരുണ്ടു ചിരിച്ചുപോൽ.

ചിരി—കോളറ പോലേറ്റം
പകരുന്നൊരു സാധനം—
തങ്ങളേയും പിടിച്ചേക്കാ—
മെന്നു പേടിച്ചു, മാമുനേ,

ഓട്ടം തുടങ്ങി ഗന്ധർവ—
പബ്ലിക്കും ശിഷ്യസംഘവും
ബാൻഡുകാരും നിരന്നുള്ള
യക്ഷകിന്നരവർഗവും.

ഒട്ടുക്കും രണ്ടുപേർ മാത്രം
ബാക്കിയായെന്റെ നാരദ:
വികൃതിസ്സഞ്ജയൻ റോട്ടിൽ;
ഗട്ടറിൽ കൃപിതൻ മുനി.

'ടോപ്പ് ടു ബോട്ടം' ചളിയണി—
ഞ്ഞെഴുന്നേൽക്കവെ മാമുനി
സഞ്ജയന്റെ മഹാഹാസം
മുഴങ്ങീ സർവദിക്കിലും.

യോഗനിദ്രയിലാണ്ടുള്ള
വിഷ്ണുകൂടിയുണർന്നുടൻ
കാപ്പി കിട്ടാഞ്ഞു തൻകുട്ടി-
പ്പട്ടരോടു കയർത്തുപോൽ!

ഹസന്തം സഞ്ജയം ദൃഷ്ട്വാ
മുനീന്ദ്രോ ലിപ്തകർദ്ദമഃ
വിവൃദ്ധമന്യുജം വഹ്നിം
സസർജ കില നാരദ. *

അത്തീയ്യി—ലപ്പുറം ഞാനെ—
ന്തോതുമെൻ പൊന്നുനാരദ!
പാവം പീയെസ്സു പാളീസ്സായ്
വിശദ്ധേറ്റം വിളർത്തുപോയ്.

* * * *

* പന്ത്രണ്ടു വയസ്സിന്നു കീഴെയുള്ള കുട്ടികൾ മാത്രം ചിരിച്ചാൽ മതി!

* ഈ ഭയങ്കരശ്ലോകത്തെ തർജമ ചെയ്യാൻ ധൈര്യം പോരാതെ അപ്പടി എടുത്തു ചേർത്തിരിക്കുകയാണ്.

പദ്യം ചമച്ച് മട്ടത്തതിനാൽ കഥാശേഷം സംക്ഷേപിച്ച് ഗദ്യത്തിൽ പറയുന്നു:—

തദനന്തരം, ആപാദചൂഡം ചളിപുരണ്ട് കോപകഷായിതനേത്രനായ ഭഗവാൻ ദുർവാസസ്സാകട്ടെ, മുൻചൊന്ന കോപാഗ്നിയിൽ, കനലിലിട്ട നേന്ത്രപ്പഴമെന്നോണം, വെന്തുനീറുന്ന സഞ്ജയനെ നോക്കി ഇത്ഥം ബഭാണ:

മൂഢാത്മാവേ, തപോധനനായ എന്റെ മാഹാത്മ്യമറിയാതെ എനിക്ക് പറ്റിയ അപകടത്തെക്കുറിച്ച് ചിരിക്കുവാൻ മുതിർന്ന നിന്നെ ഞാനിതാ ശപിക്കുന്നു: ഇരുപതാം നൂറ്റാണ്ടിന്റെ ആദിഘട്ടത്തിൽ നീ മനുഷ്യരുടെ കൂട്ടത്തിൽ ചെന്ന ജനിക്കും. കേരളത്തിലെ നരകമെന്ന് കുപ്രസിദ്ധമായ ഒരു മുനിസിപ്പാലിറ്റിയിൽ നീ കുറെക്കാലം താമസിച്ച് അവിടത്തെ കൊതുകടിയേറും പൊടി ഭക്ഷിച്ചും കഷ്ടപ്പെട്ട് അവശനായി ബുദ്ധിമുട്ടും. നിന്റെ വിനയമില്ലായ്മയും പരിഹാസബുദ്ധിയും കരിക്കട്ടയുടെ കറുപ്പുപോലെ, കാഞ്ഞിരക്കായയുടെ കയ്പുപോലെ, എന്റെ ദേഹത്തിൽ പുരണ്ട ഈ ചളിയുടെ ദുർഗന്ധം പോലെ, നിന്നെ വിട്ടു പിരിയാതെ പറ്റിക്കിടക്കും. ഈ ദുർഗ്രഹങ്ങൾ ഹേതുവായി ഗവർമേണ്ടും നാട്ടുകാരും, കോൺഗ്രസ്സ് കക്ഷിയും ജസ്റ്റിസുകക്ഷിയും, സോഷ്യലിസ്റ്റുകക്ഷിയും, തിരഞ്ഞെടുപ്പുകാലങ്ങളിൽ പൊട്ടിമുളക്കുന്ന എണ്ണമില്ലാത്ത മറ്റു കക്ഷിക്കാരും, കക്ഷികളിൽപ്പെടാത്തവരും, പണ്ഡിതന്മാരും, പാമരന്മാരും, സാഹിത്യവിപ്ലവക്കാരും, വനിതാസംഘങ്ങളും, അധികൃതന്മാരും, അനധികൃതന്മാരും, സനാതനികളും, അധഃകൃതരും, മഹാകവികളും, ചില്ലറക്കവികളും, യുക്തിവാദികളും, ഡിസ്മിസ്ഡ് ബോർഡ് പ്രസിഡെണ്ട് മുതലായ അധ്യക്ഷന്മാരും, എനിക്ക് കുറച്ച് തീരുകുള്ളതിനാൽ പറഞ്ഞു തീപ്പാൻ സമയമില്ലാത്ത ഭൂലോകത്തിലെ മറ്റെല്ലാ വർഗക്കാരും, സംഘക്കാരും, അഭിപ്രായക്കാരും, നേതാക്കന്മാരും, നീതന്മാരും, നിന്നെ വെറുത്ത്, ഉഷിച്ച്, ശപിച്ച്, മുടിച്ച്, ലുട്ടിമസ്സാക്കും!"

* * * *

മനുഷ്യനായി ജനിച്ച് ഒരു ചിരിയെങ്കിലും ചിരിച്ച് മരിയ്ക്കണമെന്ന് ചിരകാലമായി ആശിച്ചുകൊണ്ടിരുന്ന സഞ്ജയനാകട്ടെ, ശാപമോക്ഷത്തിന്നൊന്നും ഹരജി അയക്കുവാൻ മിനക്കെട്ടില്ല. പക്ഷെ അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും ഒന്നുതന്നെയാണെന്നുള്ള കഥ സഞ്ജയൻ ആ മഹാകോപിയോട് മിണ്ടിയതുമില്ല; വ്യസനം അഭിനയിച്ച് അവിടെ നിന്ന് പോവുകയാണുണ്ടായത്. അങ്ങിനെ നിങ്ങളുടെ പി. എസ്സ്.,

ചണ്ഡാലംപരണ്ടയിൽ ചൊൽക്കൊണ്ട
ചാരപ്പുറ—
ത്തിങ്ങിനെ പിറന്നുപോൽ മാനുഷ—
വേഷം ധൃതാ!
തലയിലെഴുത്തങ്ങുന്നേ, തലയിലെഴുത്ത്!!

വിക്കനായ വൃദ്ധൻ പ്ലാറ്റ്ഫോറത്തിൽ നിൽക്കുന്ന പോർട്ടർ ചെക്കന്റെ സമീപത്തു ചെന്നു, "വട—വട—വട—വടക്കു—വടക്കുനിന്നുള്ള വണ്ടി എപ്പോ—എപ്പോഴാണെത്തുക?" എന്നു ചോദിച്ചു.

ചെക്കൻ വൃദ്ധന്റെ മുഖത്തേക്കൊന്നുനോക്കി. ഭയംകരമായ മുൻകോപത്തിന്റെ സർവലക്ഷണങ്ങളും ആ മുഖത്തു തെളിഞ്ഞുകണ്ടു. അവൻ ഒന്നും മിണ്ടിയില്ല.

അല്പം ശ്രുതിയോടുകൂടി കാർണോപ്പാട് പിന്നേയും ചോദിച്ചു:

"നിന്നോ—നിന്നോ—നിന്നോടല്ലേ ചോദിച്ചത്?"

ചെക്കൻ ഇതുകേട്ടിട്ടും മിണ്ടാതെ നിന്നതേയുള്ളൂ. വളരെ കോപത്തോടുകൂടി വൃദ്ധൻ നടന്നുപോയി.

"എന്തൊടാ, നിനക്ക് അറിഞ്ഞുകൂടെങ്കിൽ അറിയില്ല എന്നെങ്കിലും പറഞ്ഞുകൂടെടാ? നീ എന്താണ് മിഴിച്ചുനോക്കിയത്?" എന്ന് സമീപസ്ഥനായ ഒരാൾ ചെക്കനോടു ചോദിച്ചു.

"അ—അ—അ—അതെ! എ—എ—എന്നിട്ടു വേണം എ—എ—എ—ഹെനിക്കടി കൊള്ളുന്നതു നി—നി—നി—ങ്ങൾക്ക് കണ്ടുരസിക്കാൻ! അ—അ—അ—ഹല്ലേ?" എന്നായിരുന്നു ചെക്കന്റെ മറുപടി.

* * *


"സുകുമാരൻ അടുത്താഴ്ച വിവാഹം കഴിക്കുവാൻ പോകുന്നുണ്ടത്രെ."

"നന്നായി. എനിക്കവനെ പണ്ടേ കണ്ടുകൂടാ. അവന്റെ ഒരാപത്തിലും ഞാൻ സഹതപിക്കയില്ല."

സഞ്ജയപ്രശ്നം നമ്പർ 1.

വിശിഷ്ടഗ്രന്ഥങ്ങൾ സമ്മാനം.

പ്രവേശനഫീസ് 3-ണ മാത്രം.



വലത്തോട്ട്:—(1) ഹാസ്യസാഹിത്യരസികന്മാരുടെ കേളീരംഗം. (3) ദേവാചാര്യർ. (8) കേരളത്തിലെ ഒരു അനാചാരം. (10) ഈ മൂന്നക്ഷരം യഥാക്രമം ചേർത്താൽ "മഹിമ" കാണാം. (12) ഒരു കാട്ടുമൃഗം. (13) ചില മൃഗങ്ങളുടെ വാസസ്ഥലം. (14) ഹിന്ദുക്കൾക്ക് ഈ ചെടിയോട് വലിയ ഭക്തിയുണ്ട്. (15) മനുഷ്യൻ. (17) തല തിരിച്ചുവായിച്ചാൽ "ഗജാരി"യെ കാണാം. (19) ഒരു പുണ്യനദി. (22) ഈ രോഗം പലരെയും പിടികൂടാവുണ്ട്. (23) ശിവന്റെ കോപമാണ് കാമനെ ഈ നിലയിലെത്തിച്ചത്.

കിഴ്പോട്ട്:—(1) ചില രാജഭക്തന്മാർക്ക് ഇവനെ പുച്ഛമാണ്. (2) ലൌകികസുഖം വെടിഞ്ഞ ആശ്രമം. (4) ധാരാളം കച്ചവടം നടക്കുന്ന സ്ഥലം. (5) തൃക്കാൽ. (6) ഈ പക്ഷിയെ പലതും കണ്ടിരിക്കും. (7) ചന്ദ്രൻ. (9) ഇത്തരം സ്ത്രീകളെ കവിതകളിലാണ് അധികം കാണുക. (11) ഇവൻ ലോകത്തിന്ന് ഒരു ഭാരമാണ്. (12) ഇപ്പോഴും കേരളക്കരയിൽ പലടിക്കിലും ഇതു വീണ്ടും ഉത്ഭവിച്ചുവരുന്നുണ്ട്. (15) ഒരു ഭാഷാവൃത്തം. (16) ഒരു തോട്ടത്തിലും കാണാത്ത പുഷ്പം. (18) വിഷ്ണുവിന്റെ വാഹനം. (20) രാമരാവണയുദ്ധത്തിന്നു ഹേതുഭൂത. (21) ഇതു മുഴുവൻ കണ്ടവരില്ലതന്നെ.

സമ്മാനവിവരം.

പ്രശ്നകർത്താവിന്റെ ഉത്തരം സീൽവെച്ച് "സഞ്ജയൻ" ആപ്പീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ഉത്തരം അയച്ചതനുസരിച്ചവർക്ക് ആശാന്റെ മുഴുവൻ പദ്യകൃതികളും സമ്മാനിക്കുന്നതാണ്. ഒരു പിഴവനുസരിച്ചവർക്കു സുകുമാരകഥാമഞ്ജരി 4 ഭാഗങ്ങളും; രണ്ടും മൂന്നും പിഴ വരുത്തിയവർക്കു പ്രഭാതകാന്തി, പൂമൊട്ടുകൾ എന്നീ കവിതാഗ്രന്ഥങ്ങൾ ഇവ അയച്ചുകൊടുക്കും. പ്രവേശഫീസ് ഒരു തരത്തിനും 3ണ. മാത്രം. ഈ സംഖ്യയുടെ സ്റ്റാമ്പ് ഉത്തരത്തോടൊപ്പം 1936 സപ്തംബർ 30-ാംനു-വരെ താഴെ കാണുന്ന വിലാസത്തിൽ അയക്കാവുന്നതാണ്. എല്ലാ ഉത്തരങ്ങളും സഞ്ജയനിൽ കാണുന്ന കൂപ്പൺ മുറിച്ചെടുത്തു അതിൽ പൂരിപ്പിച്ചയക്കണം. ഉത്തരമയക്കുന്നവർ തങ്ങളുടെ പേരും മേൽവിലാസവും കവറിന്റെ പിൻവശത്തു വ്യക്തമായി എഴുതേണ്ടതാണ്. അടുത്ത സഞ്ജയനിൽ ഈ പ്രശ്നത്തിന്റെ ഉത്തരവും വിജയികളുടെ പേരും പ്രസിദ്ധപ്പെടുത്തും.

MESSRS. K P. DAMODARAN BROS,

Regd. No. M. 3497.

നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോ,

കോർട്ട് റോഡ്, കോഴിക്കോട്.

ഇംഗ്ലീഷ്, മലയാളം, തമിഴ്, ഗുജറാത്തി, സംസ്കൃതം, എന്നീ ഭാഷകളിലെല്ലാം അച്ചടിപ്രവൃത്തി ചെയ്തുകൊടുക്കുന്നു.

റബ്ബർസീലുകൾ, ബ്ലോക്കുകൾ മുതലായവയും ചെയ്തുകൊടുക്കുന്നു.

അച്ചടി സംബന്ധമായ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുവാൻ ഞങ്ങൾക്ക് സാധിക്കും.

ഒരിക്കൽ
പരീക്ഷിപ്പാനപേക്ഷ.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by P. V. Kunhi Raman Nayar.
General Editor :—M. Ramunni Nayar, M.A. (Hons.)